
CHRISTIAN MUSICOLOGICAL SOCIETY OF INDIA
RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# The Marriage Customs & Songs of the Syrian Christians of Malabar

# കേരള നസ്രാണികളുടെ വിവാഹാചാരങ്ങളും തൽസംബന്ധമായ പാട്ടുകളും


കേരള നസ്രാണികളുടെ
വിവാഹാചാരങ്ങളും
തൽസംബന്ധമായ പാട്ടുകളും

THE MARRIAGE CUSTOMS AND SONGS
OF THE
SYRIAN CHRISTIANS OF MALABAR

By
**P. J Thomas**
University Professor of Economics , Madras

*Reprinted from the Journal of the Madras University, April, 1936*

Printed t the
Diocesan Press Vepery, Madras
1936

| | |
|---|---|
| Call Number | RR-001 |
| Title | The Marriage Customs & Songs of the Syrian Christians of Malabar<br>കേരള നസ്രാണികളുടെ വിവാഹാചാരങ്ങളും തൽസംബന്ധമായ പാട്ടുകളും |
| Topic | In times gone by, marriage was an elaborate ceremony among the Syrian Christians (Nazrani Mappalas) of Malabar, and numerous rites had to be perforinirwith-thriccompaniment of songs and dances. The festivities lasted many days and gave free play to the artistic sense of the people… Read more |
| Author | P.J Thomas |
| Publisher/Year | 1936 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Nil |
| Key Words | THE MARRIAGE CUSTOMS AND SONGS of the Syrian Christians of Malabar , Marriage Customs, Marriage Songs, Marriage Customs of the Syrian Christians of Malabar, Marriage Songs of the Syrian Christians of Malabar, Syrian Christians of Malabar, Indian, Christianity, Chrsitian Songs, Nazrani Marriage Customs, Nazrani Marraige Songs, P. J. Thomas, University of Madras, Journal of the Madras University, Ancient Malabar Customs |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*Reprinted from The Journal of the Madras University, April, 1936*

7

# THE MARRIAGE CUSTOMS AND SONGS OF THE Syrian Christians of Malabar

BY

**P. J. THOMAS**

*University Professor of Economics,*
*Madras*

PRINTED AT THE
DIOCESAN PRESS, VEPERY, MADRAS
1936

Price, 8 Annas

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

2623

# THE MARRIAGE CUSTOMS AND SONGS OF THE SYRIAN CHRISTIANS OF MALABAR

BY

P. J. THOMAS, M.A., B.LITT., D.PHIL.

*Synopsis*

In times gone by, marriage was an elaborate ceremony among the Syrian Christians (Nazrani Mappalas) of Malabar, and numerous rites had to be performed with the accompaniment of songs and dances. The festivities lasted many days and gave free play to the artistic sense of the people. Some of the rites can be traced to ancient Malabar customs and others are definitely of Syrian (or Mesopotamian) origin. This is no wonder, seeing that this ancient community is the result of a racial mixture between the Malayali converts (believed to be of the Apostle Thomas) with the Syrian colonists who settled in the country for trade between the 4th and 9th centuries A.D.

The following account in Malayalam contains a brief description of the ceremonies, with quotations from the ancient songs used in connection with them. The ceremonies await the analysis of sociologists and ethnographers; and the songs and dances deserve to be carefully analysed by scholars versed in ancient Malayalam and Tamil. The present writer collected these songs twenty years ago when he was a College student, and a work written on the subject by him before 1920 was published recently under the title 'The Christian Literature of Kerala.'

Many of the customs described above have lately gone out of vogue. They are obviously unsuited to the new social and economic environment, and will soon be forgotten. It is therefore necessary to record them at this juncture. The customs of other communities are also in the same plight, and hence the urgent need for ethnological and sociological studies in Southern India.

Perkins. Apr. 28, 1947

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കേരള നസ്രാണികളുടെ വിവാഹാചാരങ്ങളും തൽസംബന്ധമായ പാട്ടുകളും

പി. ജെ. തോമസ്, എം. എ., ബി. ലിററ്., ഡി. ഫിൽ.

---

ക്രിസ്തുമതാരംഭത്തോടടുത്തുതന്നെ കേരളത്തിലും ആ വേദം വന്നുചേൎന്നുള്ള വസ്തുത പ്രസിദ്ധമാണല്ലോ. ക്രിസ്തുവിന്റെ പന്ത്രണ്ടു പ്രധാന ശിഷ്യ(ശ്ലീഹ)ന്മാരിൽ ഒരാളായ മാർ തോമ്മാ തന്നെ ക്രിസ്ത്വാബ്ദം 52-ാമാണ്ടിടക്കു കേരളത്തിൽ വന്നെന്നും നമ്പൂതിരി മുതലായ ശ്രേഷ്ഠ വൎഗ്ഗങ്ങളിൽപെട്ട ചില ജനങ്ങളെ മാൎഗ്ഗത്തിൽ ചേൎത്തെന്നും ആണ് പരമ്പരാസിദ്ധമായ ഐതിഹ്യം. പിന്നീട് പലേ കാലങ്ങളിലായി സിറിയാ, മെസപ്പൊത്തോമിയാ മുതലായ ദിക്കുകളിൽനിന്നും കച്ചവടത്തിനായി ചില ക്രിസ്തീയ സമൂഹങ്ങൾ കൊടുങ്ങല്ലൂർ, കൊല്ലം എന്നീ സ്ഥലങ്ങളിൽ കുടിയേറിപ്പാൎക്കുകയും ഉണ്ടായിട്ടുണ്ട്. ഈ രണ്ടു വംശങ്ങളും കലൎന്നുണ്ടായതാണ് 'സുറിയാനി ക്രിസ്ത്യാനികൾ' എന്നും 'നസ്രാണിമാപ്പിളമാർ' എന്നും പേരുള്ള സമുദായക്കാർ. ഇന്നു പത്തു ലക്ഷത്തോളം ജനങ്ങൾ ഈ കൂട്ടത്തിലുണ്ട്. കൊല്ലത്തിനു വടക്കും കൊടുങ്ങല്ലൂരിനു തെക്കുമുള്ള സ്ഥലങ്ങളിലാണ് ഇവരിൽ അധികഭാഗവും അധിവസിക്കുന്നത്. പൂൎവ്വകാലം മുതൽ ചില പ്രത്യേകാചാരങ്ങളും നടപടികളും വസ്ത്രധാരണ രീതികളും ഇക്കൂട്ടൎക്കുണ്ടായിരുന്നു. കേരളരാജാക്കന്മാരിൽനിന്ന് ചില പ്രത്യേകാവകാശങ്ങളും അവൎക്കു സിദ്ധിച്ചിട്ടുണ്ട്. അവരുടെ പള്ളികളും ഗ്രാമങ്ങളും, കൊച്ചി, വടക്കുംകൂർ, തെക്കുംകൂർ, ചെമ്പകശ്ശേരി മുതലായ രാജസ്വരൂപങ്ങളുടെ പ്രത്യേക രക്ഷയിൽ ഉണ്ടായവയാണ്. യൂറോപ്യൻ ക്രിസ്ത്യാനികളുടെ ആഗമനശേഷം ഇക്കൂട്ടരുടെ ഇടയിൽ ഉൾപ്പിരിവുകൾ ഉണ്ടാവുകയും അവരുടെ സാമൂഹ്യാചാരങ്ങൾക്കും അവകാശങ്ങൾക്കും ക്ഷീണം തട്ടുകയും ചെയ്തെങ്കിലും പല സ്ഥലങ്ങളിലും പുരാതനാചാരങ്ങൾ ഇന്നും തീരെ നിലച്ചിട്ടില്ല.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

## 1. വിവാഹനിശ്ചയം.

നസ്രാണിമാപ്പിളമാൎക്ക് ദേവാലയസംബന്ധമായും ഗൃഹസംബന്ധമായും പല ഉത്സവങ്ങൾ പണ്ടേക്കാലം മുതൽ ഉള്ളതാണ്. ഈ ഉത്സവങ്ങളിൽ നടക്കുന്ന ചടങ്ങുകളിൽ അധികഭാഗവും ഹിന്ദുക്കളുടെ ഇടയിൽ ഉള്ളവതന്നെ. നസ്രാണികളുടെ ഇടയിൽ ഗൃഹസംബന്ധമായുള്ള ആഘോഷങ്ങളിൽവച്ചു ഏററവും പ്രധാനപ്പെട്ടതു് വിവാഹമാണ്. ഇവരുടെ വിവാഹമുറ പലതരത്തിൽ മററു കേരളീയരുടേതിനോടു സാമ്യം വഹിക്കുന്നുണ്ടു്. യൂറോപ്യൻ ക്രിസ്ത്യാനികളുടെ വിവാഹമുറ ഈ അടുത്ത കാലംവരെ ഒട്ടും തന്നെ കേരളനസ്രാണികൾ സ്വീകരിച്ചിട്ടില്ലെന്നു പറയാം. ഗൃഹത്തിലെ ചടങ്ങുകൾ മിക്കവയും കേരളാചാരമുറക്കോ കൽദായവംശത്തിന്റെ പൂൎവ്വാചാരപ്രകാരമോ ആണു. പള്ളിയിൽവെച്ചു വരൻ 'മിന്നും മന്ത്രകോടിയും' സമ്മാനിക്കുന്ന മുറയും അപ്രകാരംതന്നെ. താലി കെട്ടിനു ശേഷം പള്ളിയിൽനിന്നു് ഗൃഹത്തിലേയ്ക്കുള്ള ഘോഷയാത്രയിൽ നടക്കുന്ന വായ്കുൎവ, നടവിളി, പരിശമുട്ടുകളി; വെററില ഏറു്, ഞാണിന്മേൽ ദണ്ഡിപ്പു് മുതലായവയും തനി കേരളാചാരങ്ങളാണല്ലൊ.

നസ്രാണികളുടെയിടയിൽ അടുത്തകാലംവരെ വിവാഹം വളരെ ചെറുപ്രായത്തിൽ നടന്നിരുന്നു. അതിനാൽ കല്യാണം നിശ്ചയിക്കുന്ന കാൎയ്യത്തിൽ വധുവിനും വരനും വളരെ തുച്ഛമായ ഒരു ഭാഗമേ ഉണ്ടായിരുന്നുള്ളു. ഇന്നും സാധാരണ മാതാപിതാക്കന്മാരുടേയും ബന്ധുജനങ്ങളുടേയും കടമയാണതു്. തന്റെ മകൾക്കൊ മരുമകൾക്കൊ ഒരു വരനെ അന്വേഷിച്ചു് നാടൊട്ടുക്കു ചുററി നടക്കുന്ന അച്ഛന്മാരെയും അമ്മാവന്മാരെയും പലയിടത്തും കാണാം. ഇക്കാൎയ്യത്തിൽ ചില ദൂതന്മാരെയും ദല്ലാലികളെയും ഏൎപ്പെടുത്തുന്നതും അപൂൎവ്വമല്ല. ഇപ്രകാരം വരനെയൊ വധുവിനെയൊ അന്വേഷിക്കാൻ പുറപ്പെടുന്നവർ അനുസരിക്കേണ്ട മുറകളും വിധികളും പരമ്പരാ സിദ്ധമായിട്ടുണ്ടു്. അവയെ ലംഘിക്കുന്നതു വലിയ പോരായ്മയായിട്ടാണു കരുതിപ്പോരുന്നതു്. വരന്റെ ഗൃഹത്തിലെ യഥാൎത്ഥനില അറിയാനുള്ള ചില ലക്ഷണങ്ങളും പഴവന്മാർ വിധിച്ചിട്ടുണ്ടു്. തടിച്ചനായും ക്ഷീണിച്ചകാളയും സമ്പത്തിനെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളാണത്രെ. വാക്കുകൊണ്ടു മാത്രം കല്യാണ നിശ്ചയം ചെയ്താൽ പോരാ. പുത്തൻ പനയോല

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com

MARGGAM – Digital Library of Christianity in India

യിൽ പഴയ രീതിയിലുള്ള കുറികൾ എഴുതിമാറിയാലേ കല്യാണം സുനിശ്ചിതമാവുകയുള്ളൂ. വിവാഹം സംബന്ധിച്ച ചെയ്യേണ്ട ദാനങ്ങളും മററു ചടങ്ങുകളും നിശ്ചയിക്കുന്നത് സാധാരണ ഒരു 'ഒത്തുകല്യാണ' സമയത്തായിരിക്കും. ചില ദിക്കുകളിൽ അതിനു 'വിരുന്നെ'ന്നു പറയുന്നു. അതിന്റെ ശേഷമാണ് പള്ളിയിൽ കത്തനാർ കല്യാണം വിളിച്ചറിയിക്കുന്നത്.

നസ്രാണികളുടെ ഇടയിൽ സ്ത്രീധനം ഒഴിച്ചുകൂടാത്ത ഒരു സംഗതിയാണ്. മുൻകാലത്തിൽ സംഖ്യ ചുരുങ്ങിയിരുന്നെങ്കിലും അടുത്തകാലത്തു സംഖ്യകൾ വർദ്ധിച്ചിട്ടുണ്ട്. വടക്കൻ ദിക്കുകളിൽ സ്വർണമാണ് സ്ത്രീധനം. തെക്കു സാധാരണ പണമത്രേ നടപ്പ്.* സ്ത്രീധനത്തിന്റെ സംഖ്യയനുസരിച്ചുള്ള ഒരു തുക (പസാരം) പള്ളിക്ക് കൊടുക്കണം. ഇതു കൂടാതെ ചുരുട്ട അയനിയപ്പം മുതലായവയും കൊടുക്കണം. പള്ളിയിൽ 'വിളിച്ചുചൊല്ലു' നടന്നാൽ ഗൃഹത്തിൽ കല്യാണാഘോഷത്തിനുവേണ്ട ഒരുക്കമായി. വീടു അലങ്കരിക്കുക, വിരുന്നിനുള്ള പന്തൽ തീർക്കുക, ആഭരണങ്ങൾ ഉണ്ടാക്കിക്കുക അല്ലെങ്കിൽ സംഭരിക്കുക, എന്നിങ്ങനെയുള്ള ഒരുക്കങ്ങളെല്ലാം ചെയ്യുന്നത് അച്ഛനമ്മമാരുടെ മാത്രമല്ല ബന്ധുജനങ്ങളുടെയെല്ലാം കടമയാണ്. ഈ ഒരുക്കങ്ങളുടെ എല്ലാം ഒരു ചുരുക്കം താഴെ കാണുന്ന പഴയപാട്ടിൽ വിവരിക്കുന്നുണ്ട്.

## മംഗല്യം വട്ടക്കളി.

മംഗല്യമെന്നതിന്റെ ഭംഗി പറവതിനു
എങ്ങും നിറഞ്ഞ കന്നി † അങ്ങിന്നരുൾ തരിക
ചുററുമിരിക്കും ജനം കററം കുറകൾ കണ്ടാൽ
പെററമാതാവേപോലെ കററം പൊറുത്തിടേണം.
കുററാർകുഴലിയാളെ പെററു വളർത്തോരമ്മ
ഉററൊരുതാതനോടു പെട്ടെന്നുരത്ത മൊഴി
കെട്ടിന്നവൾക്കുടുത്തു പെട്ടെന്നൊരു ചെറുക്കൻ
ഇക്കും വരുമേടത്തു ഒട്ടും വൈകാതെ കണ്ടു
എന്ന മൊഴികൾ കേട്ടിട്ടന്നു തിരഞ്ഞു താതൻ

---

* ഒരുവിധം നിലയുള്ള കുടുംബങ്ങളിൽ ആയിരം പണമിട സ്വർണ്ണം (തെക്ക് 10,000 ചക്രം) ആയിരുന്നു മുമ്പു കൊടുത്തിരുന്ന സ്ത്രീധനം. (=350 രൂപാ) ഇന്ന്, തെക്ക് 5000 രൂപാവരെ തിരുവിതാംകൂർ നിയമപ്രകാരം ആവാം. യഥാർത്ഥത്തിൽ അതിലധികവും ചിലർ കൊടുക്കുന്നുണ്ട്.

† Virgin Mary

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India
CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



നിന്നു പുരുഷനെന്നിട്ടന്നു വരം കൊടുത്തു
അന്നേയറിഞ്ഞു താതനന്നു പുരുഷനുമായ്
അച്ചച്ചാരം കൊടുത്തു പെണ്ണിനേ ചെന്നുകണ്ടു
ഖണ്ഡിച്ചു കല്യാണവുമെണ്ണി കുറിച്ചനാളിൽ
പുത്തൻപനയോലയിൽ ചിത്രമെഴുത്തുപെട്ടു
കത്തൻ വിളിച്ചുചൊല്ലി ശുദ്ധമാം പൂജനേരം
കോലാഹലത്തോടങ്ങു നാലുദിശിയറിഞ്ഞു
ചെത്തിവഴി പറമ്പിലെത്തുന്നവർക്കുവേണ്ടി
ഇട്ടൊരുപന്തലൊക്കെ പട്ടാൽ വിതാനംചെയ്തു
വെട്ടംകൊളുത്തിനിമേ ഇട്ടു മണർകോലവും

'മംഗല്യഗീത' എന്ന പാട്ടിലും ഇപ്രകാരമുള്ള വിവരണങ്ങളുണ്ട്.

ചെത്തിവഴിപറമ്പും എത്തുന്നവർക്കിരിക്കാൻ
പുത്തൻപന്തൽ ചമച്ചു പത്തുപ്രാകാരത്തോടേ
ഇട്ടൊരുപന്തലൊക്കെ പട്ടാൽ വിതാനംചെയ്തു
വെട്ടംകൊളുത്തി നിളെ ഇട്ടു വിരാളിപ്പായ്.

## 2. വിവാഹപരിപാടി; ആരംഭദിനം.

മുൻകാലങ്ങളിൽ നാലിൽ കുറയാതെ ദിവസംകൊണ്ടേ നസ്രാണികളുടെ കല്യാണങ്ങൾ പൂർത്തിയായിരുന്നുള്ളു. പണ്ടു ഞായറാഴ്ചയാണു സാധാരണമായി കല്യാണം നടന്നിരുന്നത്. ശനിയാഴ്ച തന്നേ സംബന്ധികളും കുടുംബക്കാരും എത്തികൂടും. ശനിയാഴ്ച വൈകുന്നേരം ഊണിനു മുമ്പായി പന്തലിൽ എല്ലാവരും എത്തി യഥാസ്ഥാനം ഇരിക്കും. കൊരണ്ടിമേൽ കോടിമുണ്ടു വിരിച്ചു വേണം മണവാളൻ ഇരിക്കാൻ. അപ്പോൾ ആദ്യത്തെച്ചടങ്ങു ഗുരുദക്ഷിണയാണ്. കരയിലെ ഗുരുനാഥനാണ് ദക്ഷിണ കൊടുക്കുന്നത്. അതു കഴിഞ്ഞ് ചന്തംചാർത്ത് എന്ന പ്രധാനക്രിയ നടക്കും. (തെക്കൻ ദിക്കുകളിൽ 'അന്തം ചാർത്തു' എന്നും പറയാറുണ്ടു) ചന്തം ചാർത്തുന്നതു കരയിലെ ക്ഷുരകൻ ആണ്. അമ്പട്ടൻ, വിളക്കിത്തലയൻ, പ്രാണോപകാരി എന്നെല്ലാ പേരുകളും ക്ഷുരകനുണ്ട്. "പതിനമ്പരിഷമാളോർ" "പതിനമ്പരിഷയച്ചന്മാർ" എന്നെല്ലാം വേണം വിളക്കിത്തലയനും അമ്പട്ടനും നസ്രാണിമാപ്പിളമാരേ സംബോധന ചെയ്യാൻ. (പതിനേഴ പരിഷയ്ക്ക് ഉടയവർ എന്നർത്ഥം?) "പതിനമ്പരിഷമാളോരോടു ചോദിക്കുന്നു—ചന്തം ചാർത്താൻ കയററിയിരുത്തട്ടെ" എന്നു മൂന്നു പ്രാവശ്യം ക്ഷുരകൻ സദസ്യരോടുചോദിക്കണം. അതിൻെറശേഷം കത്തിയെടുത്തു ക്ഷൌരം



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ചെയ്യും. "കോതു വെട്ടുക" എന്നാണു ആ ക്ഷൌരത്തിനു പറയുന്നതു. കല്യാണംവരെ മുഖം വടിക്കുക പണ്ടു പതിവില്ലാത്തതാണു്. കൊരണ്ടിമേൽ ഇട്ട കോടിമുണ്ടും കുറെ അരിയും പണവും ക്ഷുരകനു ഉടനെ കിട്ടും.

വരനു ചന്തംചാർത്തുന്നതുപോലെ വധുവിൻെറഗൃഹത്തിൽ "മൈലാഞ്ചിയിടൽ" എന്നൊരു സമ്പ്രദായവും പണ്ടുണ്ടായിരുന്നു. ഇപ്പോഴും തെക്കുംഭാഗരുടെ എടയിൽ അതു നടപ്പുണ്ടു്. 'മററോന്നി' എന്നതുതന്നെ മൈലാഞ്ചി. ചന്തംചാർത്തു കഴിഞ്ഞാൽ എണ്ണതേച്ചു കുളിപ്പിക്കയായി. കുളികഴിഞ്ഞു വീണ്ടും വരൻ സദസ്സിൽ പ്രവേശിക്കും. അപ്പോഴാണു 'മധുരം' കൊടുക്കുന്നതു.* അപ്രകാരംതന്നേ വധുവിൻെറ വീട്ടിലും മൈലാഞ്ചിയിടൽ കഴിഞ്ഞു പെണ്ണിനു പലഹാരം കൊടുക്കും. മേൽവിവരിച്ച ഓരോ ഘട്ടത്തിലും പാടേണ്ട പാട്ടുകൾ പ്രത്യേകമായിട്ടുണ്ടു്. അതിനെല്ലാം മുമ്പായി ഹിന്ദുക്കളുടെ സരസ്വതിപൂജപോലെ ഒരു മംഗളഗാനവും ഉണ്ടു്. ആ പാട്ടിൻെറ പേർ "മാത്തോമ്മാൻ" എന്നാണു്. മലങ്കാരാധിപനായ മാത്തോമ്മാശ്ലീഹായെ സ്മരിച്ചിട്ടുവേണമല്ലോ മലങ്കര നസ്രാണികളുടെഎല്ലാ ക്രിയകളും ആരംഭിക്കാൻ.

## മാത്തോമ്മാൻ-

"മാത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്നു്
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്ടാമെ യെഴുന്നള്ളവേണം.
കന്തീശാനായനെ! യെഴുന്നള്ളി വന്നിട്ടു
കർപ്പൂരപ്പന്തലകമേ.
കൈക്രൂപ്പിന്നേൻ ഞാൻ പെററുവളർത്തോരു
കന്നിമകളേ ഞാൻ നിന്നെ.
തോളും തുടയും മുഖവും മണിമാറും
യോഗത്താലേ പരിശുണ്ടു്.
എൻെറ മകളെ പരമേററി വയ് പോളും
എൻമനസ്സേറ്റം പതറുന്നു.
നെല്ലുമാനിതും പരമേററിവച്ചാറെ
എൻമനസ്സേറ്റം തെളിയുന്നു.
ചെമ്പകപ്പൂവിൻനിറം ചൊല്ലാം പെണ്ണിനു
ചെമ്മേയരുൾ പെററപെണ്ണു്.

---

* ഇതിനു് 'ഇച്ചപ്പാട്ടു' എന്നാണു പലയിടത്തും പറയുക.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പെണ്ണിനെക്കണ്ടവരെല്ലാരും ചൊല്ലുന്നു
ഈയുലകിലവൾക്കൊത്തവരില്ലാ.
നല്ലൊരുനേരം മണർകോലം പൂക്കാറെ
നന്നായ്ക്കുവേണമിതെന്ന്
കാരണമായവരെല്ലാരുംകൂടിട്ട്
നന്മവരുത്തിത്തരേണം.
ആലാഹാനായനും അയ്മ്പൻമിശിഹായും
കൂടെത്തുണയ്ക്കായിവക്ക."

ഈ മംഗളഗാനം ഓരോ ചടങ്ങിന്റേയും ആരംഭത്തിൽ പാടാനുള്ളതാണ്. അതിന്റെ ശേഷം ഓരോ ഘട്ടത്തിന്നും പ്രത്യേകം യോജിച്ച പാട്ടുകൾ പാടും.

## ചന്തം ചാർത്തുപാട്ട്.

മാറാനിശോപതാവിയിലെ മണക്കോലപ്പുതുമകാൺമാൻ
കൂറാനബന്ധുക്കളും ഗുണമുടയ അറിവുള്ളോരും
അപ്പനോട് അമ്മാവന്മാരയലാരും ബന്ധുക്കളും
തേറാന ധനത്തെയൊത്തു വേഗമോടെ തൻപിതാക്കൾ
മാറാതെ മുൻനിറുത്തി മാർഗ്ഗമാനനാൾകുറിച്ച
നാൾകുറിച്ച ദിവസമതിൽ മുഴക്കെപ്പൂശി ഭംഗിയോടെ
നിറത്തോടൊത്തങ്ങിരിക്കുന്നേരം പാടിക്കളിക്കും ബാലകർ
കോൽവിളക്കും പാവാടയും അന്തം ചാർത്തിനിരുമാടി
നിന്നവർ കരവയിട്ടു നെല്ലുമിട്ടു നിറവുവന്നു
തകിൽനാദം കൊമ്പുവിളി മററുമുള്ള ഘോഷമായി
ഇടിയലറും വരവുകണ്ടാൽ പുലരും മുമ്പേപള്ളിക്കകം
ഉൺമയിലിരുന്ന പെണ്ണിനെ ഒളിവിൽവച്ചു വെളിവതാക്കി
മങ്കയെന്നെ കൊണ്ടുചെന്നു മണവാളനരികെയിരുത്തി
ബുദ്ധിക്കൊത്ത കാരണങ്ങളും ബോധമുള്ള ചെമ്മാച്ചന്മാരും
മന്ത്രകോടി മടിയിലിട്ടു മാർഗ്ഗമായ വചനം ചൊല്ലി
വചനം ചൊല്ലി തൊട്ടു താലി മാർഗ്ഗമായി കെട്ടിനാലേ
കാലാലേ വേഗമോടി കനകമൊത്തങ്ങകമ്പടിയും
വായിലെ മൊഴികൾ ചൊല്ലി പലതരത്തിൽ ബാലകർ
തകിൽ നാദം കൊമ്പുവിളി മററുമുള്ള ഘോഷമായി
ഇടിയലറും വരവുകണ്ടാൽ ഇരുളുംമുമ്പേ പന്തലുകം
നെല്ലും നീരും വിളക്കുമായി അമ്മായി വന്നങ്ങെതിരേററു
ബാലകരെ കൊണ്ടുചെന്നു മണക്കോലം പൂക്കവാറെ.

ഇതിൽ കല്യാണത്തിന്റെ വിവിധചടങ്ങുകളുടെ ഒരു ചുരുക്കം കൊടുത്തിട്ടുള്ളതു് എത്രയും പ്രയോജനകരംതന്നെ.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## മൈലാഞ്ചിപ്പാട്ട്.

(ആദം ചരിത്രമാണു ഇതിലെ കഥാവസ്തു. മൈലാഞ്ചിയുടെ സാരവും അതിൽനിന്നു വെളിവാകും. ചില ഭാഗങ്ങൾ മാത്രം ഇവിടെ ചേർക്കുന്നു.)

ആദത്തെ നായൻ മലായാകെ നോക്കിനാൻ
ഹവ്വാ മനയാളുംകൂടെ മലമീതെ
മരതകമുത്തുവിളങ്ങും മലമീതിൽ
മൈലാട്ടംപോലെ വിളങ്ങുന്ന ഭാര്യയേ
അഞ്ചും മൈലേപ്പോലെ അഞ്ചണം മൈലേ നീ
മൈലാഞ്ചിയില്ലാത്ത കാരണം തോഴിമാർ
ആ മരമൂട്ടിലൊളിച്ചവരിരുവരും
അപ്പഴേ നായനെഴുന്നെള്ളി വന്നിട്ട്
പണ്ടുപറഞ്ഞോരത്തൊരാദത്തിൻ ഭാര്യയാം
ഹവ്വാമനയാളെ നായൻ കൊടുത്തപോൽ
അന്നന്നു കന്നിമാർ മംഗല്യം വാഴുവാൻ
പച്ചില മൈലാഞ്ചികൊണ്ട് പൊതിയേണം
കയ്യാലേ കായും പറിച്ചൊരു കാരണം
കൈപ്പടം തന്നിൽ പൊതിയുന്നു മൈലാഞ്ചി
കാലാൽ നടന്നു കനിതിന്ന കാരണം
കാൽനഖം തന്നിൽ പൊതിയുന്നു മൈലാഞ്ചി
അസ്ഥിമേൽ മണ്ണു പൊതിഞ്ഞൊരു കാരണം
കൈപ്പടം തന്നിൽ പൊതിയുന്നു മൈലാഞ്ചി
അന്നവർ നാണിച്ചൊളിച്ചൊരു കാരണം
ഇന്നിങ്ങുപിള്ളേരൊളിച്ചു നടപ്പതും
മൈലാഞ്ചിമൂലാലെ പിഴവന്ന കാരണം
മൈലാഞ്ചിയിട്ടല്ലൊ നൂൽ കൂട്ടമാറൊള്ളു
നീതി കൊടുത്തപോലിന്നിങ്ങു പിള്ളേർക്കു
എന്നേക്കും നീതി കൊടുക്കണം നായകാ

### (മട്ടുമാറി)

പിഴ വഴിയ്ക്കുനിറമൊലിഞ്ഞു തന്റെ നിറമകന്നപോലെ
മൈലാഞ്ചി തടവിടേയാൾക്കു നിറപിഴച്ചതടയാളം
പച്ചമേനി മൈലാഞ്ചി ഇട്ടു കൈകൾ ചുവപ്പവർക്കു
കരുന്നു പിള്ളേർ വരുന്നയാണ്ടിലതിമൃത്തുന്നിവഴക്കമെല്ലാം
വാഴടയ മൈലാഞ്ചി പൊരുളുടയ മൈലാഞ്ചി
......................................
മൈലാഞ്ചിവരവു കാൺമാൻ വരുവിനഹോ തോഴിമാരെ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



കനകപഞ്ചരം മുതൽപഞ്ചരം കാണിക്കട്ടോ തോഴിമാരെ
മുരജ്ജമട്ടളം തകിലുവാദ്യവും കേൾപ്പിനടോ തോഴിമാരെ
മരതകത്തൊട്ട കരവയിത്തരം കേൾപ്പിനടോ തോഴിമാരെ
ആളമങ്ങമയങ്ങിവീണ ഭാര്യതൻെറ കൈപിടിച്ചു
മൈലാഞ്ചിമണം കേട്ട മയങ്ങിവീണ മണവാളൻ
മൈലാഞ്ചിമണം കേട്ട മയങ്ങിവീണ മണവാട്ടി
കരുനപിള്ളേക്കരുൾതരിക ഈശോനായൻ, തമ്പുരാനേ

(ഈ മൈലാഞ്ചിയിടൽ പശ്ചിമേഷ്യായിൽ മാത്രമല്ല കേരളത്തിൽ ഹിന്ദുക്കളുടെ ഇടയിൽതന്നെയും നടപ്പുള്ളതാണല്ലൊ)

## അയനിയെടുക്കൽ.

തെക്കൻ ദിക്കുകളിൽ ഞായറാഴ്ച രാവിലെ മണവാളൻെറ പെങ്ങൾ മിന്നും മന്ത്രകോടിയും ഒരു പാത്രത്തിലും മറെറാന്നിൽ അയനിയപ്പം ചുരുട്ട മുതലായ പലഹാരങ്ങളും എടുപ്പിച്ചുകൊണ്ടു പള്ളിയിൽ പോക പതിവായിരുന്നു. ചില ദിക്കുകളിൽ വാദ്യഘോഷങ്ങളോടുകൂടിയാണുപോയിരുന്നത്. അയനിപ്പാട്ടു ചരിത്രപ്രാധാന്യമുള്ള ഒന്നാകയാൽ അതിവിടെ ഉദ്ധരിക്കാം. ०

## അയനിപ്പാട്ട്.

മാറാതെ വാഴട്ടയാൻ മാറാനീശോമിശിഹാ
മിശിഹാ തന്നരുളാലെ മാർയോഹന്നാനബ്ബൂനാൻ
അബ്ബൂനാന്മാർ ഐവർക്കുടി ദേശമാം കൂറുകൊണ്ടു
ദേശമാം കൂറുകൊണ്ടു നാലരും നാലുദിക്കിൽ
വന്നതിൽ മാണിക്യമാം മാർയോഹന്നാനബ്ബൂനാൻ
ബഗദാശിൽനിന്നു പുകഴ കബ്ബാന ചെയ്യുവാറെ
കബ്ബാനപ്പുരത്തുകൊണ്ടു മനമെഴന്നപ്പമെല്ലാം
മാറാൻെറ അപ്പമതിൽ അമ്പിനാൽ കമ്പിട്ടേററം
ഗുണചാനാം പുരുഷനായ മാർ യോഹന്നാനബ്ബൂനാൻ.

(മട്ടുമാറി)

മാർയോഹന്നാനബ്ബൂനാൻ അടികമ്പിട്ടിരിപ്പാൻ
കന്തീശാപ്പള്ളി നിലയാകെ നിൽപ്പാൻ
അയ് മേനിയൊക്കെ വിളിപ്പിച്ചുംകൊണ്ടു
മാർഗ്ഗമറിയാതെ നിന്നജനത്തെ
മാർഗ്ഗവും പുക്ക കുർബാനകൊണ്ടു
ദോഷത്തെ നീക്കി ഗുണം താ പെരിയോനെ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

15-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ ബഗ്ദാദിൽനിന്ന് കേരളത്തിൽ വന്ന അഞ്ചു മെത്രാന്മാരെയാണു പാട്ടിൽ പ്രതിപാദിക്കുന്നത്. 1490 ൽ കൊടുങ്ങല്ലൂർനിന്നു യൌസേപ്പ്, മത്തായി, ഗീവർഗീസ് എന്ന മൂന്നു പേർ കൽദായ സുറിയാനി പാത്രിയർക്കീസിന്റെ സന്നിധിയിൽ പോയി സങ്കടം പറഞ്ഞതിന്റെ ഫലമായി, ആ പാത്രിയർക്കീസ് ആദ്യം മാർത്തോമ്മാ, മാർ യോഹന്നാൻ എന്നു രണ്ടു മെത്രാന്മാരേയും പിന്നീടു യാക്കോബു, ദനഹാ, യബ് ആലാഹാ എന്നിങ്ങനെ വേറെ മൂന്നു മെത്രാന്മാരേയും ഇൻഡ്യയിലേക്കു നിയോഗിക്കയുണ്ടായി. അവരിൽ മാർയോഹന്നാൻ ഉദിയമ്പേരൂർ കന്തീശങ്ങളുടെ പള്ളിയിൽ താമസിച്ചു.

## 3. കല്യാണദിവസത്തെ ഘോഷങ്ങൾ.

പിറ്റെദിവസം (കല്യാണദിവസം) രാവിലെ വധുവിന്റെയും വരന്റെയും ഗൃഹങ്ങളിൽ വലിയ തിരക്കായി. പുറത്തു സദ്യയ്ക്കുള്ള വട്ടം ഒന്നങ്ങനെ. പന്തലിൽ മണർക്കോലം ഉണ്ടാക്കി വിതാനിക്കുന്നശ്രമം ഒന്നങ്ങനെ. ഇതിലെല്ലാം പ്രധാനമായതു്, വധൂവരന്മാരെ വിശേഷവസ്ത്രങ്ങൾ ധരിപ്പിച്ച് ആഭരണങ്ങൾ അണിയിക്കുന്നതിന് അകത്തു നടക്കുന്ന ശ്രമമത്രേ. നസ്രാണിസ്ത്രീകളും പുരുഷന്മാരും സാധാരണയായി തനി വെള്ളവസ്ത്രമേ ധരിക്കാറുള്ളു. എന്നാൽ കല്യാണത്തിന് മണവാളനും മണവാട്ടിയും മഞ്ഞയും ചുവന്നതും ആയ പട്ടുവസ്ത്രങ്ങളും പലേതരം ആഭരണങ്ങളും ധരിക്കണമെന്നാണ് മുറ. ഈ അലങ്കാരവിശേഷങ്ങൾ പല വട്ടക്കളിപ്പാട്ടുകളിൽ ഭംഗിയായി വിവരിക്കപ്പെട്ടിരിക്കുന്നു.

### എട്ടുത്തിര വട്ടക്കളി

എട്ടുദിശിയും വിളങ്ങിന മത്തോമ്മാൻ
അരുൾപെററ മാന്യമണവാളപ്പിള്ളതാൻ
ഏററമരുൾ പെററ കന്നിതാൻ വാഴ്വെല്ലാം
മണവാട്ടി തന്നുടെ തോഴിയുമായിട്ടു
പൊന്നും മുടിയും മുടിക്കീഴാഭരണവും
മററു കൈമോതിരം ഒക്കെയണിഞ്ഞുപോൽ
പേർപെററ മങ്ക കഴത്തേലോരോതരം
പണിപ്പൊൻകൊണ്ടൊക്കെയലങ്കാരമായിട്ടു
പൊക്കമഴകിയ സിംഹാസനത്തിന്മേൽ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ശിങ്കാരത്താലെയിരിക്കും പാദവികൾ
പെൺമണിക്കാർകുഴൽ പൊൻമുടിയും പൊന്നും
പൂവാലണിന്തൊരു നെററിപ്പട്ടം ചാർത്തി
ആദിത്യനേപ്പോൽ വിളങ്ങും മണവാളൻ
തന്നരികത്തൊരു തിങ്കളുദിച്ചപോൽ
ആക്കമില്ലാക്കും കൊടുപ്പവനെ നിന്റെ
കന്യകൾ രണ്ടിനേ കാത്തുകൊള്ളേണമെ
കത്തിയുടുത്താപ്പുതപ്പട്ടതിൻമീതെ
വടിവോടു പൂശുന്ന കളഭം കസ്തൂരികൾ
ഭുവനമതെല്ലാം വിളങ്ങുമിത്തോഴന്മാർ
കത്തുകുഴ നാലും വെച്ചപൊന്നും പൂവും
പത്തുവിരൽക്കും നിരന്തപൊന്മോതിരം
പാലുപോൽ തങ്കം വിളങ്ങും തലുവവും
പത്തുമിരുപതും തരുണികളകമ്പടി
പാട്ടും കരവയലങ്കാരത്തോടായി
എത്തിനാർ പന്തലിൽ മെല്ലെമെല്ലെ ചെന്ന്
വെച്ചപെരുന്തിരിയൊക്കെജ്വലിപ്പിച്ചു
പന്തലകത്തങ്ങു പുക്കവരെല്ലാരും

"മററൊരു വട്ടക്കളി"യിലും ഈ അലങ്കാരങ്ങൾ രസകരമായി വിവരിച്ചിട്ടുണ്ട്.

വേണ്ടും ജനത്തോടു കല്യാണം കേൾപ്പിച്ചു
വേണ്ടും തരങ്ങളുമെല്ലാം വരുത്തീട്ടു
നല്ല സുഗന്ധവർഗ്ഗങ്ങളുമങ്ങനെ
നീരാളംകൊണ്ടുള്ള കുപ്പായമങ്ങനെ
നല്ലൊരു വില്ലൂസിൻചട്ടയുമങ്ങനെ
ദമ്പതിമാരവർ തോഴരുമായിട്ടു
വസ്ത്രമണിഞ്ഞങ്ങു യാത്ര തിരിച്ചവർ
നല്ലവിളക്കും നഗരിയിലിണങ്ങരും
ശില്പപ്പണിപ്പൊന്നുമൊക്കെയണിഞ്ഞാറേ
നല്ല കുരിശും പണമാലയിട്ടാറെ
ഏററം വിലയുള്ള പത്താക്കു കോർമ്പലും
വില്ലിട്ട കാശുകൾ, മാലകളങ്ങനെ
മാണിക്യക്കല്ലിനോടൊത്തൊരു രത്നങ്ങൾ
കാതിലലകനരുക്കമണികളും
കാതിൽകനകങ്ങൾ കൈവളമോതിരം
പൊൻമുടിയും നല്ല പൊൻപൂവും ചൂടീട്ടു
ആലവട്ടം നല്ല വെഞ്ചാമരങ്ങളും

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഇങ്ങനെ ഘോഷമായ് പള്ളിയകംപുക്ക്
നേർച്ചയും കാഴ്ച്ചയും നന്നായി ചെയ്തിട്ട
പട്ടക്കാരൻ വന്ന കൈയും പിടിപ്പിച്ച
മംഗല്യകർമ്മങ്ങളെല്ലാം തികഞ്ഞിട്ട്
ഘോഷത്തോടെയവർ യാത്ര പുറപ്പെട്ട
പാട്ടും കരവയും വാദ്യധ്വനികളും
അഭ്യാസക്കാരവർ ചാടിമറിയുന്ന
ഇങ്ങനെ ഘോഷമായ് പന്തലകംപുക്ക്
ദമ്പതിമാരെ മണർകോലമേററിട്ട്
എല്ലാരും പന്തലിൽ മോദാലിരിക്കുന്ന
പൊന്നും തളികയിൽ വെച്ചോരു വെററില
കൂടിയവരൊക്കെ വാങ്ങിച്ച വെററില
വെള്ളിത്തളികമേൽ വെച്ചോരു വെററില
മങ്കമാർക്കൊക്കെ കൊടുക്കുന്ന വെററില
മരതകവീട്ടിൽ വിളങ്ങുന്ന വെററില
കെട്ടോടെ വാരി വിതറുന്ന വെററില
കല്യാണഘോഷം പറഞ്ഞാൽ മതിവരാ.

ഇങ്ങനെ മണവാളൻ (വരൻ) പുതുപ്പട്ടു കുത്തിയുടുത്തും, മുട്ടിനു താഴെ ഇറങ്ങിക്കിടക്കുന്ന ഒരുടുപ്പ് (കാപ്പ) ഇട്ടുകൊണ്ടും തലയിൽ പൊൻമുടിയും കഴുത്തിൽ പൊൻ കുരിശും കൈകളിൽ പൊൻവളകളും ധരിച്ചുകൊണ്ടും, മണവാട്ടി പട്ടുചട്ടയും കയ്യിൽ പൊൻവളയും വിരലുകളിൽ മോതിരവും കഴുത്തിൽ പത്താക്കുമാലയും കാലിൽ പൊൻതളയും കാതിൽ കാതിലയും തലയിൽ പൊൻമുടിയും നെററിപ്പട്ടവും മററനേകാഭരണങ്ങളും ധരിച്ചുകൊണ്ടും, വിശേഷാലങ്കാരഭൂഷിതരായ തോഴജനങ്ങളുടെ അകമ്പടിയോടുകൂടിയും വൻകുടകൾ ചൂടിയും ആയിരുന്നു ദേവാലയത്തിലേയ്ക്കു പോയിരുന്നത്. കളഭം കസ്തൂരി മുതലായവ എല്ലാക്കാലത്തും നസ്രാണികൾ ഉപയോഗിച്ചിരുന്നു. പെണ്ണുങ്ങൾ കണ്ണെഴുതാറുണ്ടായിരുന്നു.

"പെണ്ണും ചെറുക്കനുമായ് കണ്ണാടിമിന്നുംപോലെ
കണ്ണുമെഴുതി കറി അഞ്ജനംകൊണ്ടു തൊട്ട്"

കൂടാതെ "കുന്തലഴിച്ചു തല കോന്തിയൊതുക്കിക്കെട്ടി
വേന്തൻമുടികൾവെച്ച കാന്തികലരുംവണ്ണം"

(മംഗല്യം വട്ടക്കളി)

മണവാളനും മണവാട്ടിയും മുടിചൂടുന്ന സമ്പ്രദായം ഈ അടുത്തകാലംവരെ ഉണ്ടായിരുന്നതാണ്. പ്രതാപികളായ കുടും



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

ബക്കാർ മുടി, വള, കാപ്പു മുതലായവ ഉണ്ടാക്കിച്ചു വച്ചിരുന്നതു് അന്യന്മാർ 'എരവു' വാങ്ങിയിരുന്നു. തെക്കും ഭാഗം സ്ത്രീകൾ ധരിക്കാറുണ്ടായിരുന്ന ഒരു 'പൊന്നിൻപൂവു്' തൊടുപുഴ അടുത്തുള്ള ചുങ്കത്തുപള്ളിയിൽ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. "വേന്തൻ മുടികൾ" എന്നു പറഞ്ഞിരിക്കുന്നതു് ആ മുടി ചേരമാൻപെരുമാൾ കുന്നായിത്തൊമ്മൻ മുതലാളിയ്ക്കു കൊടുത്തതാകയാലാണത്രെ. ഒരു കുന്നായിത്തൊമ്മനു പെരുമാൾ പൊൻമുടി സമ്മാനിച്ചെന്നൊരു ഐതിഹ്യം താഴെ വിവരിക്കുന്ന പാണൻപാട്ടിലും മററു രേഖകളിലും കാണാം.

കല്യാണദിവസം രാവിലെ ഇപ്രകാരം സർവ്വാലങ്കാരഭൂഷിതരായി വധൂവരന്മാർ സ്വസ്വഗൃഹങ്ങളിൽനിന്നു, അച്ഛനമ്മമാരുടെ ആശിസ്സു വാങ്ങിച്ചുകൊണ്ടു്, പള്ളിയിലേയ്ക്കു ഘോഷയാത്രയായി തിരിക്കും. മുൻകാലങ്ങളിൽ ഒരുവിധം നിലയുള്ള കുടുംബങ്ങളിലെ വിവാഹയാത്രയിൽ വരൻ പല്ലക്കിലോ ആനപ്പുറത്തോ ആണു പ്രയാണം ചെയ്തിരുന്നതു്. വിവാഹം കഴിഞ്ഞു തിരിച്ചു പോരുമ്പോൾ ഘോഷയാത്രയുടെ പ്രതാപം വർദ്ധിക്കും. മുമ്പിൽ വാളും പരിചയും ധരിച്ച അകമ്പടിക്കാർ നടക്കും. പഞ്ചവാദ്യങ്ങൾ, കുരവ, കുന്തപ്പയിററ്, ഞാണേൽ ദണ്ഡിപ്പു്, വെഞ്ചാമര, മേത്തരം കുടകൾ മുതലായവയും ഉണ്ടായിരിക്കും. ഈ ചടങ്ങുകളിൽ മിക്കവയും ബ്രാഹ്മണ പൂർവ്വന്മാരിൽനിന്നു നസ്രാണികൾക്കു ലഭിച്ചിട്ടുള്ളതായിരിക്കണം.

"പുരസ്താച്ഛ പ്രതിക്ഷേരൻ പദികാഃ ഖഡ്ഗപാണയഃ
ദാസീരുഭയതഃ കൃത്വാവഹേയുസ്സാഞ്ചവാഹകാഃ"

(ശാങ്കരസ്മൃതി)

(അർത്ഥം:- —വാൾക്കാർ കാൽനടയായി മുമ്പിൽ അകമ്പടി കൂട്ടും. ദാസിമാരെ ഇരുപുറത്തും അണിനിരത്തിയിട്ടു പോണ്ടന്മാർ പല്ലക്കു വഹിക്കും)

വടക്കൻദിക്കുകളിൽ പ്രചാരത്തിലുള്ള "മംഗല്യഗീത" എന്ന കൃതിയിൽ കല്യാണം ഇങ്ങനെ വിവരിക്കപ്പെടുന്നു:—

"മെല്ലെയിരുവരേയും പല്ലക്കിലങ്ങെടുത്തു
നല്ലതോഴിമക്കാരങ്ങെല്ലാവരുമടുത്തു
മെല്ലെ നടന്നവർകൾ കല്യാണഘോഷത്തോടെ
കൊട്ടും കുഴൽവിളിയും ഇക്ഷുപ്രകാരത്തോടെ
താളംപിടിച്ചു നച്ച വാളും പരിചക്കാരും
മേളം തെളിഞ്ഞു നല്ല കാളം കുഴൽവിളിയും."

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



വധൂവരന്മാർ പടിക്കൽ എത്തുമ്പോൾ നിലവിളക്കു വയ്ക്കുകയും ദാസിമാർ താലപ്പൊലി എടുത്ത് എതിരേല്ക്കുകയും ചെയ്യുന്ന ബ്രാഹ്മണമുറ നസ്രാണികളും സ്വീകരിച്ചിരുന്നു. മംഗല്യഗീത ഇപ്രകാരം പ്രസ്താവിക്കുന്നു:—

വെള്ളിവിളക്കു വെളുക്കെത്തുടച്ചിട്ട്
നറുനെയ്യും കോരിപ്പകർന്ന്
എല്ലാത്തിരക്കും തിരുമുമ്പിൽ കാൺമാൻ
ഇരുപത്തൊന്നല്ലോ വിളക്ക്
പൂമങ്കത്തോഴിമാരാടീട്ടും പാടീട്ടും
പന്തൽക്കകമേ പുറമേ
നെല്ലും നീരും വീഴ്ത്തി വരമേറോരമ്മായി
കയ്യും പിടിച്ചങ്ങിരുത്തി.

## 4. പന്തലിലെ ചടങ്ങുകൾ.

വിവാഹസംബന്ധമായ എതിരേല്പ് സാധാരണയായി വടക്കൻ ദിക്കുകളിൽ വധുവിന്റേയും തെക്ക് വരന്റേയും ഗൃഹത്തിലാണ് നടക്കാറുള്ളത്. വധൂവരന്മാർ പന്തലിൽ എത്തുമ്പോൾ ഗൃഹനായിക വന്ന് അവരെ അഭിവാദ്യംചെയ്ത് പന്തലിന്റെ ഒരു വശത്ത് പട്ടും പരവിതാനിയും ഇട്ടലങ്കരിച്ച 'മണർകോല'ത്തിൽ രണ്ടാസനങ്ങളിലായി ഇരുത്തും. വധുവിന്റെ കൂട്ടത്തിൽനിന്നു വന്ന 'വിരുന്നുകാർ' ഒരു ഭാഗത്തും വരന്റെ സ്വജനങ്ങളും 'ഇണങ്ങരും' മറ്റേ ഭാഗത്തും ഇരിക്കും. വിരുന്നുകാരിൽ രണ്ടുമൂന്നു വൃദ്ധന്മാരെ കട്ടിലിന്മേൽ വെള്ളയും കരിമ്പടവും വിരിച്ച് ഇരുത്തേണ്ടതാണ്. ഉടനേ താംബൂല വിതരണമായി. പന്തലിൽ വെററില വർഷിക്കണം എന്നാണു വെപ്പ്. അപ്പോഴേക്കും പഞ്ചവാദ്യങ്ങൾ പൊടി പൊടിക്കും. വധൂവരന്മാർക്ക് 'മധുരംകൊടുക്കുക' എന്ന ക്രിയയാണ് അടുത്തതായി നടക്കുന്നത്. ഈ കൃത്യം നിറവേറേറണ്ട കടമ വരന്റെ മാതുലന്റേതാണ്. ചില ദിക്കുകളിൽ പന്തലിൽവച്ചുതന്നെ സ്ത്രീധനം കൊടുക്കുന്ന പതിവുണ്ട്. പിന്നീട് പാട്ടുകച്ചേരി തുടങ്ങുന്നു. വടക്കുംഭാഗം ജനങ്ങളുടെ * കല്യാണങ്ങളിൽ പുരുഷന്മാർ മാത്രമേ പന്തലിൽവച്ചു പാടാറുള്ളു. എന്നാൽ തെക്കുംഭാഗക്കാരുടെയിടയിൽ സ്ത്രീകളും കൂട്ടം

* നസ്രാണി മാപ്പിളമാരുടെ ഇടയിൽ തെക്കുംഭാഗം, വടക്കുംഭാഗം എന്നിങ്ങനെ രണ്ടുവിഭാഗങ്ങൾ പണ്ടേയുണ്ടായിരുന്നു. ഇവർ തമ്മിൽ കല്യാണബന്ധം ഇന്നും ഇല്ല. തെക്കുംഭാഗക്കാർ വിദേശത്തുനിന്ന് വന്നവരാണെന്നത്രെ ഐതിഹ്യം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



കൂട്ടമായിചേർന്നു പാടുകയും ചിലപ്പോൾ ആടികളിക്കയും ചെയ്യാ
റുണ്ട്. ആ പതിവു ഇന്നും അവരുടെ കല്യാണങ്ങളിൽ നിലനിന്നു
വരുന്നു. അവർ പാടുന്ന പാട്ടുകൾ 'മാർത്തോമ്മാൻ,' 'എട്ടുത്തിരവട്ട
ക്കളി,' 'മുന്നംമലങ്കര,' 'പന്തൽപാട്ട്,' വാഴ്പ്പാട്ട്,' 'നല്ലോരോ
റോശലം,' 'ഇന്നു നീ ഞങ്ങളെ,' 'പൊന്നണിന്തിടും' എന്നിവ
യാണ്. പലേതരം വട്ടക്കളികളും അവർ കളിക്കാറുണ്ടു. ഇപ്പ
റഞ്ഞ പല പാട്ടുകളിലും വിലയേറിയ ചരിത്രവിവരങ്ങൾ ഉണ്ട്.
അവയുടെ രചനാകാലം നിശ്ചയിക്കാൻ നിവൃത്തിയില്ല. എങ്കിലും
ഭാഷ സാമാന്യം പഴക്കമുള്ളതുതന്നെ. സംസ്കൃതപദങ്ങൾ ചുരു
ക്കവും പഴയ മലയാളപദങ്ങൾ അധികവും ആയിക്കാണുന്നു.
പറങ്കികളിൽനിന്നും സിദ്ധിച്ച ചില പദങ്ങളും അപൂർവ്വമായി ഉണ്ട്.
എന്നാൽ ആ കാരണംകൊണ്ടു മൂലകൃതി പറങ്കികൾ (പോർട്ടുഗീസു
കാർ) വന്നശേഷം ഉണ്ടാക്കപ്പെട്ടതാണെന്നു വരുന്നില്ല.

മേൽപ്പറഞ്ഞ പെൺ പാട്ടുകളിൽ പലതിന്റേയും പ്രതിപാദ്യ
വിഷയം ക്രി. 345-ൽ ക്നായിത്തോമ്മാ കൊടുങ്ങല്ലൂരിൽ കുടിയേറി
മഹാദേവർ പട്ടണത്ത് ആസ്ഥാനമുറപ്പിച്ച കഥയും പിന്നീടു വന്ന
മെത്രാന്മാരുടെ വൃത്താന്തങ്ങളും ആണ്. തെക്കുംഭാഗം നസ്രാണി
കളുടെ കല്യാണങ്ങളിലാണ് ഈ പാട്ടുകൾക്കു പ്രധാന്യം.

## നല്ലോരോറോശലം.

"നല്ലോരോറോശലം തന്നിൽ നഗരിയിൽ
മരതകമുത്തു വിളയുന്ന നാട്ടില്
മൈലാടുംപോലെ വിളങ്ങുന്ന മന്നന്
പത്തരമാററിന് നിറമേനി ചൊല്ലാമെ.
ചീനക്കുഴൽപോലെ ചിന്നുന്ന മന്നന്
മാര്ഗ്ഗത്തിലെരിവൊട്ടും കുറവില്ല മന്നന്
മലനാടു വാഴുവാൻ പോകണം മന്നന്
ബാവാടെ കല്പനയാലെ പുറപ്പെട്ടു
യാത്ര വിധിച്ചുടനനുവാദവും വാങ്ങി"

(ലയംമാററം)

"അതുകൊണ്ടു കലങ്ങളിലമൃശങ്ങൾ കൊടുത്തു
പലകൂട്ടം കാതോലിക്കാപ്പതവികൾ കൊടുത്തു
രാജവാദ്യത്തോടേ യോഗ്യതയാൽ നടത്തി
ശുദ്ധമാനതൃക്കയ്യിലെപ്പുസ്തകവും വാങ്ങി."

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## മുന്നം മലങ്കര

"മുന്നം മലങ്കര കടിയേറുവതിന്നാലെ
തൊമ്മൻ കിനാനെന്ന ദേഹം മുതിന്നവാറെ
അരചമക്കളെണ്ണൊമ്പതുംക്രൂടിപ്പുകിന്നു്
കുടിയാരത്തമരാകമിവർ നാലുനൂറും
കാതോലിക്കായതിമാലെ കപ്പൽ പുകിന്നു
പുക്കിനാർ ചേരകോനെക്കണ്ടു പരിചധികമായ്
പൊന്നും പവിഴം മുത്തുംവെച്ചു രാജ്യംകൊണ്ടാറെ."

ഈവിധം നാലാം നൂററാണ്ടിൽ ഇവിടെ കുടിയേറിപ്പാർത്ത നസ്രാണികൾ സ്വദേശത്തിന്നു പോന്നപ്പോൾ ബന്ധുമിത്രാദികളോടു വിട പറയുന്നതായിക്കാണുന്ന ഭാഗം സരസമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു:—

"ചട്ടയും മുട്ടാക്കും കൊന്ത തലമുണ്ടും
ചങ്ങല കൈവള ചന്തമാം സ്ലീബായും
ചന്തമായുള്ളോരു കോപ്പുകൾ കൂടീട്ടു്
കൂട്ടംകടപിടിച്ചൊട്ടടം ചെന്നപ്പോൾ
കപ്പലേൽ കേറുവാൻ കടപ്പുറം പുക്കാറെ
ഉററവരുടയവർ ബന്ധുക്കളെല്ലാരും
തങ്ങളിത്തങ്ങളിലമ്പൊട്ടു തഴുകുന്നു.
മാർവ്വത്തു കണ്ണുനീർകൊണ്ടു നനയുന്നു
തമ്പുരാനല്ലാതെയില്ലൊരു സാക്ഷിയും
മക്കളെക്കാണുമോ ഹിന്തുവിയിൽ പോയാലും
ബന്ധങ്ങൾ വേർപെടാതോക്കണമെപ്പൊഴും
"പത്തുമൊരേഴ" * മതെപ്പൊഴും ചിന്തിപ്പിൻ
പാട്ടമറിയാതിരിക്കണം നിങ്ങളും
തമ്പുരാൻ തൻെറ മനോഗുണംകൊണ്ടിട്ടു
കപ്പലൊരു മൂന്നുമൊന്നായിട്ടോടുന്നു"

കൊടുങ്ങല്ലൂർ വന്നതിൻെറ ശേഷമുള്ള സ്ഥിതി പല പാട്ടിലും സവിസ്തരം വിവരിക്കുന്നുണ്ടു്. ഒരു സംക്ഷിപ്തവർണ്ണനം ഇപ്രകാരമാണു്:—

"വേദപതവികൾ ഞങ്ങൾക്കു വേണ്ടുവോളം നൽകീതേ
ചേരകോൻ പെരുമാളങ്ങു ചെപ്പേടൊന്നു കുറിച്ചീതെ
ചെന്നു മന്നൻ കണ്ടു നിലം ദാനമങ്ങു നൽകീതെ

---

* പത്തു പ്രമാണങ്ങളും ഏഴു കൂദാശകളും (Ten Commandments and Seven Sacraments)

3

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

മാറാൻ വന്നു പിറന്നശേഷം "ശോവാലെ"ന്നകാലത്തിൽ
മാനവൻ ക്നായിത്തൊമ്മൻ ചെമ്പേടങ്ങു വാങ്ങിച്ചു
താശിയോടെ തച്ചർവന്നുവച്ചു പള്ളിപട്ടണം."

## വാടിമനം വട്ടക്കളി.

(ക്നായിത്തോമ്മാ മകോതേവരിൽ പട്ടണം പണിയിച്ച ചരിത്രമാണ് ഈ പാട്ടിലെ കഥാവസ്തു.)

വാടിമനം മകോതേവരിലവർ കണ്ട ക്നാവോ
ഓമനപ്പതിയെ കാൺമാൻ വഴിതേടി നടന്നു ഞാൻ
കടൽ തന്നിലിതന്നു ഞാൻ തരുതാസ്കൂളയൻ
കട്ടകവന്നടിയാരെ കരക്കൊൾക തമ്പുരാൻ
മുടിചൂട്ടും രാജിതം തിരുവുള്ളമേറു
മുത്തച്ചയാൽ കൊട്ടങ്ങല്ലൂർനഗരം കണ്ടുയൻ
തേടിവന്ന തിരുമെയ്യെയിതായെൻെറ തമ്പുരാൻ
വെളിച്ചപ്പെട്ടടിയാരെ കരക്കൊൾക തമ്പുരാൻ
അളവാലെനിലംകൊണ്ടതറിയിപ്പാൻ വരുന്നേൻ
അഴകതായിച്ചെപ്പേട്ടും എഴുതിച്ചുകൊണ്ട്
കൊടികെട്ടി അറിയിച്ചു അടിസ്ഥാനം പണിവാൻ
അൻപിനോടെ മത്തോമ്മാൻ പള്ളിയന്നു ചമച്ചു
കട്ടകപ്പോയടിസ്ഥാനം പട്ടത്തുകല്ലുയത്തി
കാരണമായ നിലവും പരിചോടെ നിരത്തി
കിടങ്ങും ഗോപുരം നാലും മതിലും മാളികയും
ചെരകോൻപദവികൾ എഴുപത്തുരണ്ടല്ലൊ
വെടിക്കൊട്ടു കഴൽചിഹ്നം മുരജ്ഞ മട്ടളവും
തകിൽ പറകൊട്ടിച്ചു കത്തുവിളക്കും പാവാടയും
അടപ്പിച്ചാൻ തുറപ്പിച്ചാൻ കിഴക്കു ഗോപുരം നാലും
വരും വൻപർ തരുതാസ്കൂൾ ജനം തമ്മിൽ പിശകി
വടക്കുഗോപുരം തൊട്ടു വടക്കുഭാഗം നഗരി
നാലുറു കടിയുണ്ട് വിരിഭങ്ങൾ അതില്
കിരിയങ്ങൾ എഴുപത്തുരണ്ടല്ലൊ താവഴി*
നഗരി കിനാനന്നു മതിലും മാളിക പൊന്നാലെ

ഇവ കൂടാതെ കല്യാണദിവസത്തിലെ പ്രത്യേക ക്രിയകളെ സൂചിപ്പിക്കുന്ന പാട്ടുകളും അന്നു പാടാറുണ്ട്. "പന്തൽപാട്ട" സ്ത്രീകൾ പന്തലിൻെറ വാതുക്കൽ നിന്നുകൊണ്ടാരംഭിച്ചു മണക്കോലത്തിൻെറ സമീപം വന്നവസാനിക്കണം. അതിൻെറ ശേഷം വാഴ്ത്തുപ്പാട്ടാണ്.

* ഇതിൽ വടക്കും തെക്കും എന്നുള്ള പിരിവിൻെറ ഉൽപ്പത്തി സൂചിപ്പിക്കുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

## പന്തൽപാട്ട്.

ആദിയടിയാരെ ആക്കിയതും ചൊല്ലാം
അമ്പൻ മിശിഹാടെ നായകത്വംകൊണ്ടു
മാസവും നാളും വഴിയും ധമ്മയും
മാതാവു ചൊല്ലുന്ന മാർഗ്ഗംവഴികേൾപ്പാൻ
ചേലിലിവയെല്ലാം ചെൽവം പിരിയാതെ
ചെലഴകാൽ ഒരു തോഴനെ വേണ്ടുകിൽ
ഇപ്പടപ്പെല്ലാം ഉടലൽ പണിതീന്റ

(മട്ടു മാററം)

മണവറയിൽ മരുവിടും മങ്കതൻെറ കല്യാണം
കല്യാണപന്തലിതു കാതലുള്ള പന്തലിതു
നല്ലമണപ്പന്തലിതു നാരിമേവും പന്തലിതു
ഇലകളിടും പന്തലിതു കീർത്തിപെട്ട പന്തലിതു
അവധിചുരുങ്ങിട്ടൊതുങ്ങുകിലോദിവസിനാലുംകല്യാണ
ഗുണമുടയ * വേദാമ്പർ കൊള്ളുമൊരുകല്യാണം
നലമുടയ മോക്ഷംതന്നിൽ വാഴമൊരുകല്യാണം

## വാഴ്വപ്പാട്ട്

വാഴ്വെന്ന വാഴ നിനക്കാകെ തന്നേൻ
നീയും നിൻെറ ഭർത്താവും മക്കളുംകൂടെ
കാലം പെരുതായ് വാണിട്ടിരിക്കണം
വാഴ്വാന ഭൂമിയും ഫലമാകെത്തന്നേൻ
പങ്കിട്ടു നിൻമക്കൾ കൊള്ളുകയെന്നേകി
വീഴാതെ ശെൽവവും വിരിവുമതെല്ലാം
വിരിവാന വാഴ്വതെല്ലാം നിനക്ക്
വിത്താലിരട്ടിപ്പതെല്ലാം നിനക്ക്
അടിയാക്കടിമകൊടുപ്പതും താനേ
അരുളാൽ പെരുമ കൊടുപ്പതും താനേ
തിരുവുള്ളമാന വഴിയെ നടപ്പാൻ
മുടിചൂടുമാറു പെരുമ കൊടുത്തു
ധനപതിയെന്ന ശ്രീയെ കൊടുത്തു
താനൊരു നന്ദിയുണർച്ചയും വെച്ചു
കാരണോർതാൻപെററ വാഴ്വതെല്ലാം
പെരിയോനരുളാലെ നിങ്ങൾക്കാകയെന്ന്
അപ്പഴോ പെട്ടിയെടുത്തുതുറന്ന്
ആഭരണത്തെ പെരിയത്താൻവാങ്ങി

---

* വേദാമ്പർ = ദിവ്യന്മാർ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

ഉൽപനയൊത്ത മുദ്രയാമപ്പൊന്നും
ഓരോന്നും നോക്കി തരം കണ്ടവാറെ
ഇമ്പമായുള്ള വളകളു മിട്ടിട്ടു
ഇപ്പോളേസ്സിത്രവേണ്ടുവതെന്നു
ശില്പപ്പണിപ്പൊന്നമൊക്കെയണിന്തോനേ
കല്പനയായുള്ള ഭർത്താവു മുന്നിൽ
കായമരംപോലെ നിന്നേൻ അടിയൻ
കാൺമാൻകൊതിച്ചു പലനാളിരുന്നേൻ
നിന്നെ ഞാൻ പാലിലെ വെണ്ണ കണക്കെ
ദിവസവും നെഞ്ചിൽ കലന്നങ്ങിരിക്കേ
പെൺപിള്ളേർ പാടുന്ന പാട്ടുകൾ കേട്ടിട്ടു
ബാവാസ്സുമ്മാസ്സും തിരുവുള്ളമായി
ഏററമതേററവും പെരിയൊരുനാളെ
തിരുവുള്ളമായ വഴിയെ നടപ്പാൻ
മാർയോക്കോവാബൂനാൻ തൻകൃപകൊണ്ടു
ത്രിയേകനാഥനാം തമ്പുരാനെ
അനുഗ്രഹം നൽകണമിവക്കെന്നേസ്സും.

കല്യാണദിവസം അവസാനമായി പാടുന്ന പാട്ട് "പൊന്നണിന്തീടും" എന്നാരംഭിക്കുന്ന രസകരമായ ഗാനമാണ്.

## പൊന്നണിഞ്ഞീടും

പൊന്നണിന്തീടും തണ്ടു കരേറി
മംഗല്യവേല കാൺമാൻ
വളർകോടി മുമ്പിൽ മുത്തണിന്തോനെ
വാട്ടവും വീശിമെയ്യേ
പിന്നണി മുന്നിലകമ്പടി നായൻ
നിൻവിളയാട്ടവും പാട്ടും

മട്ടുമാറി.

മുത്തുചിഹ്നത്തോടെ ചിത്രം നിരത്തീതേ
മൂന്നിങ്ങാമാണിക്യം പളുങ്കുനിരത്തീതെ
പച്ചവൈഡൂര്യം പവിഴം നിരത്തീതേ

മട്ടുമാറി.

"സ്ലീവായിലേയിടദയാർ മണിയിടയോർ നിരത്തീതെ
ചിത്തിക്കാകളും പൊന്നും പൂവേ നിരത്തീതെ.
കോവൽപഴക്കാനിറം ചൊല്ലുമിവർ മേനി
വാ കണ്ടാൽ നല്ല തത്തച്ചുണ്ടുനിറം തോന്നും



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

നീററിൽ കളിച്ചെട്ടത്ത മുത്തിഗന്ധാളിവാലേ
നിലത്തടം കണ്ടവനെ എന്നെ മറന്നോനേ
ആലിൻതളിരുപോലെ ഇമ്പമുദരമുള്ളോനേ
നാളേറെച്ചെല്ലുന്തോറും നന്നായ് വരുന്നോനെ
കൊഞ്ചൽകിളികന്നിമാർ കനകമണിമാർകളും
ഏറെ നല്ലപങ്കത്തരാം പട്ടതരാം വന്നിരി
കങ്കമത്തിൻ മണവാളൻതൻ വരവുകാൺമാൻ
ഏറിയാത്ര മേനിമേൽ കേറിയോനില്ലവളേ"

## 5. വിരുന്നും 'പാണൻപാട്ടും'

ഇങ്ങനെ പാട്ടുകൾ പാടിക്കൊണ്ടും, വട്ടക്കളി മുതലായ മേളങ്ങളാടിക്കൊണ്ടും, വധൂവരന്മാരെ സൽകരിച്ച ശേഷം സദസ്യരുടെ അനുവാദത്തോടുകൂടി വധുവിനേയും വരനേയും വെവ്വേറെ മുറികളിലേക്ക് ആനയിക്കും.* അതിനു ശേഷം കല്യാണവിരുന്നായി മുൻകാലങ്ങളിൽ വധുവിൻെറ കൂട്ടർ ഉണ്ടുകഴിഞ്ഞ ശേഷം വേണം വരൻെറ സ്വജനങ്ങൾ ഉണ്ണാൻ. പന്തലിൽ പല പന്തികളായി പായവിരിച്ച് ഇലയിട്ടാണു വിരുന്നിനിരുത്തുക. ഭക്ഷണത്തിനുള്ള വാഴയില ശേഖരിക്കേണ്ടതു് കരയിലെ വേലൻെറ† ചുമതലയാണ്. അതുപോലെ വേറെ ജോലികൾ കമ്മാള ജാതിക്കാർക്കും ഉണ്ടു. അതിനെല്ലാം അവർക്കു അവകാശങ്ങളുമുണ്ടു. നസ്രാണികൾ മററു മിക്ക സദ്യകൾക്കും മത്സ്യമാംസാദികൾ ഉപയോഗിക്ക പതിവില്ല. എന്നാൽ കല്യാണസദ്യക്ക് ആട്ട് കോഴി എന്നിത്തരം മാംസങ്ങൾ അനേകവിധത്തിൽ പാകംചെയ്തു വിളമ്പുക പതിവാണ്. മുൻകാലങ്ങളിൽ മാട്ടിറച്ചിയും മററും അശേഷം ഇവർ ഭക്ഷിച്ചിരുന്നില്ല. പോർട്ടുഗീസുകാരും മററും കൂടുതൽ താമസിച്ചിരുന്ന ദിക്കുകളിലുള്ള നസ്രാണികളുടെ ഇടയ്ക്കു് ഈ സമ്പ്രദായം പിൻകാലത്തു കടന്നുകൂടി. വിദേശമദ്യങ്ങളും അവർ ഉപയോഗിച്ചു തുടങ്ങി. ആദ്യം പാച്ചോറാണ് വിളമ്പുക. അതിൻെറ ശേഷം ചോറും മത്സ്യമാംസാദികളും കൊടുക്കും. അതു കഴിഞ്ഞിട്ടേ സസ്യാദികൾ കൊണ്ടുണ്ടാക്കിയ കറികളും മോരും മററും വിളമ്പുകയുള്ളൂ. അവസാനമായി തൈർ, പഴം, പാനി, എന്നിവകളും വിളമ്പിക്കഴിഞ്ഞാൽ സദ്യവട്ടം അവസാനിച്ചു. അടുത്ത ദിവസങ്ങളിൽ നടക്കുന്ന സദ്യ

---

* വധൂവരന്മാർ തമ്മിൽ അന്നൊന്നും അഭിമുഖസംഭാഷണം ഉണ്ടാവുകയില്ല. വധുവിനു സഹജമായ ലജ്ജ തീരുന്നതു്. അപ്പോ കാറവർഷം കഴിഞ്ഞിട്ടായിരിക്കാം ഴേയ്ക്കു പ്രായവും തികയും. ഇതെല്ലാം മാറിവരികയാണല്ലൊ.

† ചിലദിക്കുകളിൽ പരവർ.

കൾക്കു് വിഭവങ്ങൾ കുറഞ്ഞിരിക്കുമെങ്കിലും, ചുരുട്ടു്, പണിയപ്പം, നെയ്യപ്പം മുതലായ പലഹാരങ്ങൾ ധാരാളമുണ്ടായിരിക്കും. പ്രധാനമായി പാട്ടുകാരും തോഴജനങ്ങളുമാണു് ഇതെല്ലാം തിന്നുതീക്കുന്നതു.

പന്തലിൽ വിരുന്നു നടന്നുകൊണ്ടിരിക്കുമ്പോൾ വിശേഷവിധിയായ ഒരു ചടങ്ങു് പാണൻവരവും പാട്ടും ആണു്. പാണൻ എന്നു ചില ദിക്കുകളിലും വീരടിയാൻ എന്നു മററു സ്ഥലങ്ങളിലും അറിയപ്പെടുന്ന ജാതിക്കാരിൽ ചിലർ പെട്ടെന്നു പ്രത്യക്ഷപ്പെട്ടു് വലിയൊരു ഒച്ചയുണ്ടാക്കി നസ്രാണികളുടെ ചരിത്രത്തേയും പദവികളേയും വർണിക്കുന്ന പാട്ടുകൾ പാടും. കോട്ടയത്തിനു വടക്കുള്ള ചില ദിക്കുകളിൽ ഈ ആചാരം ഇന്നും നിലനില്ക്കുന്നുണ്ടു്. പാണൻ പാട്ടുകളിലെ കഥാസാരം ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്നീ നാങ്കുടിപ്പരിഷകളുടെ ജാതിധമ്മത്തിനു ചേരാത്തതായ ഒരു കല്യാണം ചേരമാൻപെരുമാൾ നടത്തിച്ചു എന്ന കാരണത്താൽ അക്കൂട്ടർ നാടുവിട്ടു് ഈഴത്തുനാട്ടിലേക്കു (ലങ്കയിലേക്കു) പൊയ്ക്കളഞ്ഞെന്നും തന്മൂലം അമ്പലങ്ങളും കൊട്ടാരങ്ങളും പണിയാനും കേട്ടുപോക്കാനും ആളില്ലാതെ ആയിത്തീൎന്നെന്നും പെരുമാൾ തന്നെ ക്ഷൌരംചെയ്യാൻ ആളില്ലാതായതുകൊണ്ടു വളരെ വിഷമിച്ചെന്നും, ആ ഘട്ടത്തിൽ കൊടുങ്ങല്ലൂരിലെ വാണിജ്യപ്രമുഖനായ ക്നായിത്തോമ്മാ എന്ന ക്രിസ്തീയ നേതാവിനെ പെരുമാൾ ലങ്കാപുരിക്കു നിയോഗിച്ചെന്നും, തോമ്മാ തിരുവരങ്കൻ എന്ന ഒരു പാണനെ അയച്ചോ അഥവാ കൂട്ടിക്കൊണ്ടുപോയോ അവരെ സമാധാനിപ്പിച്ചു് തിരിച്ചുകൊണ്ടുവന്നെന്നും അക്കൂട്ടത്തിൽ ഈഴത്തു നാട്ടുകാരായ നാലുപേരെക്കൂടി കൊണ്ടുവന്നെന്നും തിരിച്ചുവരുന്ന വേളയിൽ പെരുമാൾക്കു് കാഴ്ചവെക്കാനായി നാങ്കുടിപരിഷക്കാർ അവരുടെ സ്ത്രീകൾ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ ഉരുക്കി ഒരു മുടിയുണ്ടാക്കിക്കൊണ്ടുപോന്നെന്നും ആ മുടി തോമ്മാ പെരുമാളിന്റെ സന്നിധിയിൽ കാഴ്ചവെച്ചപ്പോൾ പെരുമാൾ പ്രസാദിച്ചു് തോമ്മായ്ക്കുതന്നെ ആ മുടി സമ്മാനിച്ചതുകൂടാതെ മററു പല അവകാശങ്ങളും അധികാരങ്ങളും കല്പിച്ചനുവദിച്ചു കൊടുത്തെന്നും, തോമ്മായേ സഹായിച്ച പാണന്റെ ജനങ്ങളെ നസ്രാണികൾ എന്നേയ്ക്കും ("അറുതറന്നു പറനിറച്ചു് നെല്ലുകൊടുത്തു്") രക്ഷിച്ചുകൊള്ളണമെന്നു പെരുമാൾ കല്പിച്ചെന്നും, കൂടെവന്ന ഈഴജനങ്ങളെ നാട്ടിൽ കുടിപാർപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ അദ്ദേഹം ചെയ്തെന്നും മററുമാണു്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

ഈ പാട്ടിന്റെ പലപാഠഭേദങ്ങൾ ഞാൻ ശേഖരിച്ചിട്ടുണ്ട്. അവയിൽ ചിലത് എന്റെ "കേരളത്തിലേ ക്രിസ്തീയ സാഹിത്യം" എന്ന ഗ്രന്ഥത്തിൽ കാണാം.

## 6. 'അടച്ചുതുറ'യും 'നാലാം കുളി'യും

കല്യാണ വിരുന്നുകഴിഞ്ഞ് സന്തുഷ്ടരായി വിരുന്നുകാരും കൂട്ടരും താംബൂലാദികൾ സ്വീകരിച്ച് തിരിച്ചുപോകും. എന്നാൽ വധുവിന്റെ അമ്മ, സഹോദരിമാർ മുതലായവർ രണ്ടുമൂന്നു ദിവസംകൂടി അവിടെ താമസിക്കും. ആ ദിവസങ്ങളിൽ സദ്യകളും പലഹാരവിതരണവും അധികവും വധുവിന്റെ കുടുംബക്കാരാണ് നടത്തേണ്ടത്. എല്ലാ ദിവസവും വൈകുന്നേരം 'മാർഗ്ഗംകളി' ആട്ടം, വട്ടക്കളി മുതലായ വിനോദങ്ങളുമുണ്ടായിരിക്കും. നാലാം ദിവസത്തെ വിശേഷമായുള്ള ഒരു ചടങ്ങാണ് അടച്ചുതുറ.* ഇതിന്റെ വട്ടങ്ങൾ ഏതാണ്ടിപ്രകാരമാണ്. വൈകുന്നേരം മണവാളൻ തോഴരുമായി 'മണവറയിൽ' കയറി കതകടച്ചു ബന്ധിയ്ക്കും. ഏതോ അതൃപ്തികൊണ്ട് വരൻ വാതിലടച്ചതാണെന്നാണ് സങ്കല്പം. അതിനാൽ അമ്മാവിഅമ്മ (വധുവിന്റെ മാതാവ്) വാതിലിൽ മുട്ടി പല പാട്ടുകൾ പാടി വാതിൽ തുറക്കാൻ വിനീതയായി അപേക്ഷിക്കും. അക്കൂട്ടത്തിൽ ഗോദാനം, സ്വർണദാനം, ഭൂദാനം മുതലായവ ചെയ്യാമെന്നു സമ്മതിച്ചാൽ മാത്രമേ വാതിൽ തുറക്കുകയുള്ളൂ. അമ്മാവിഅമ്മ എത്ര ഉറക്കെപ്പറഞ്ഞാലും "കേട്ടില്ലാ" "കേട്ടില്ലാ" എന്നു തോഴർ പറയും. ഇങ്ങനെ ആ സാധുസ്ത്രീയെ വളരെ വിഷമിപ്പിക്കാതെ കല്യാണം മോടിയാകയില്ലത്രേ. അതിനാൽ "അമ്മാവിഅമ്മ നില്ക്കുക" എന്ന ചടങ്ങ് പാരംപരാധീനമായിട്ടാണ് പണ്ട് കരുതപ്പെട്ടിരുന്നത്. നല്ല തന്റേടവും സംഗീതവാസനയും ഉള്ളവർക്കേ ആ കൃത്യം ഭംഗിയായി നിർവ്വഹിക്കാൻ സാധിക്കയുള്ളൂ. കതകടക്കുമ്പോൾ ചില സ്ഥലങ്ങളിൽ പാടിയിരുന്ന പാട്ട് താഴെ ചേർക്കുന്നു:—

അക്കാലം ബാവായും ഉമ്മായുമായി
പൂക്കിതുമോക്ഷ മൊരാലയത്ത്
പുത്തിരനായ മിശിഹാനായൻ
പുകഴോടെ വാണവർ മേവും കാലം
ചിത്തംതെളിഞ്ഞു സ്തുതിച്ചിരിപ്പാൻ
ശുദ്ധമാലാഖാമാർ പുണ്യവാളരും
അന്തലില്ലാതവർ മോക്ഷംതന്നിൽ

* ഇതു് കൽദായദേശത്തെ ഒരു പൂർവ്വാചാരമാണു്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



അഴകൊടെബാവാ വലത്തരികെ
ചിത്തംതെളിവു മുറിഞ്ഞുമാതാററിൽ
വെണ്മയാം മാമൂദീസാ സമുദ്രംതന്നിൽ
വന്നു പിറന്നു മലങ്കരയ്ക്കു്
മാത്രു മലർ കന്നിത്തയ്യലാളെ
ചൊല്ലിപ്പെരിയൊരു മാതണ്ണൻ വന്നു
ശോഭയാംനാളിൽ വിവാഹംചെയ്തു
നല്ലൊരു ഞായറാഴ്ച മണിയറപുക്കു്
നലമൊടു പുക്കു സ്തുതിച്ചിരിപ്പാൻ
വല്ലഭനാകും മണവാളനും
മാണിക്കമായൊരു മണവാട്ടിയും
തോഴിമക്കാരരും തോഴിമാരും
കാതലായുള്ളൊ രിണങ്ങരെല്ലാവരും
ചൊല്ലിപ്പിരിയർ തലംപക്കം
വാചകംചൊല്ലിക്കതകടച്ചു
ബാവായുംപുത്തിരൻതാൻ ശരണം
അഴകൊത്തു ഞങ്ങൾക്കു തമ്പുരാനേ തുണ
അരുൾചെയ്തു ഞങ്ങളടച്ച വാതിൽ
സ്തുതിചെയ്തു നിങ്ങൾ തുറന്നിടേണം.

വാതൽ തുറക്കാനപേക്ഷിച്ചുകൊണ്ടു പാടുന്ന പാട്ടുകളിൽ സാമാന്യം നന്നായിട്ടുള്ള ഒന്നു താഴെകുറിക്കുന്നു.

### അടച്ചുതുറപ്പാട്ട്.

മങ്കതങ്കംമണവറയിൽ മണവാളൻകതകടച്ചു
എങ്കംപുകൾപെറാവനെ എന്നുടയമണവാളാ
സന്തോഷാൽ മാവിതാനും തന്നുടയമങ്കമാരും
താശിയോടേ നീയടച്ച മണവറേടെ വാതൽ ചുററും.
പേരാരം പൂണ്ടൊരു പെരുംതായാർ വന്നു വാതൽമുട്ടി
മണിമോതിരകൈയ്യാലെ മാവിവന്നു വാതൽമുട്ടി
പൂമോതിരകൈയ്യാലെ നാത്തുൻവന്നു വാതൽ മുട്ടി
ഉറേറാരു ചേടത്തി വന്നങ്ങതവിടയോടേ വാതൽമുട്ടി
പെററതായാർ മണിവിളക്കും പിടിച്ചുവന്നു വാതൽമുട്ടി
വട്ടകക്കിണ്ടിയും തരാം വട്ടമൊത്ത താലം തരാം
കട്ടിൽതരാം മെത്തതരാം കണ്ടിരിപ്പാൻ വിളക്കുതരാം
പട്ടുചേല ഞാൻ തരുവേൻ ഭംഗിയൊത്ത മേൽവിതാനം''.

..............................................................

" എൻമകനേ മണവാളാ മണവറേടേ വാതൽതുറ
ഇത്രയും ഞാനഴുതിരന്നേൻ നീയതേതുമറിയായോ
ചിത്തിരത്തിലൊത്തവനും ചിങ്കാരപ്പെൺകൊടിയും

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

പുത്തിയൊരുത്താരിതുവരുമായ് പൊഴുതുമാണനിരനിരയും
മണവാളനുറക്കമെങ്കിൽ തോഴർ വന്നു വാതൽതുറ
വാതൽതുറപ്പാൻ പുറപ്പെട്ടവിൻ നീരാട്ടുവാൻ നേരമായി".

അടച്ചുതുറസംബന്ധമായി "അമ്പനനുകൂലം" എന്നു തുടങ്ങുന്ന വേറൊരു പാട്ടുണ്ട്. ഇതിൽ വരനെ വിളിച്ചുകൊണ്ട് അമ്മാവി ഇങ്ങനെ പ്രാർത്ഥിക്കുന്നു.

എന്റെ മകനെ നീ ഭംഗിമാൻ മണവാളാ
എന്റെ വിളി കേട്ടനുകൂലം തുറ വാതിൽ
ഒത്തതിൽ ഒന്നും കുറയാതെ നൽകുവേൻ
പുത്തൻ ഗൃഹത്തിനു വേണ്ടുന്ന പാത്രവും
സ്വർണ്ണത്തിനൊത്തപോൽ ചെല്ലുന്നവയെല്ലാം
പാരാതെ ഗേഹവും ശിഷ്യവും തരുന്നു ഞാൻ
ചെടികൾ വേണമെന്നാകിൽ മടിയില്ല
ശേഷിയിനിക്കു തന്നിട്ടുണ്ടു നൽകുവാൻ
കാഞ്ചനമായൊരു വില്ലീസ്സാമെത്തയും
അഞ്ചുസിമുകംകൊണ്ടു തലയിണയും
നല്ലൊരുപ്പുഷ്പമുവമാല്യം തരുന്നു ഞാൻ
എന്തിനിവേണമെന്നാകിലതൊക്കയും
ചിത്തം തെളിഞ്ഞു തരുന്നുണ്ടു നിർണ്ണയം
പക്ഷികളൊക്കെ സ്വരമിട്ടുഴലുന്നു
ഇക്ഷണം നിങ്ങൾ കുളിപ്പതിനായിട്ടു
ഇന്നു കുളിപ്പതിനുള്ള വകയെല്ലാം
നന്നായ് വശംവരുത്തിട്ടു മേവുന്നു ഞാൻ
പൊൻവിളക്കും കയ്യിലേന്തി ഞാനമ്മാവി
അൻപിനോടങ്ങു പട്ടുകച്ചയും ചുററി
മാതാവേയോർത്തു തുറക്കണം വാതില്.

അപ്പോഴേയ്ക്കും വാതിൽ തുറന്നു വരൻ കുളിയ്ക്കാനായി പുറത്തേയ്ക്കിറങ്ങും. കുളിയ്ക്കാൻ എണ്ണ പകരുമ്പോഴും കുളിയ്ക്കുമ്പോഴും പ്രത്യേകം പാട്ടുകൾ പാടേണ്ടതുണ്ട്. അവ താഴെ ചേർക്കുന്നു.

## എണ്ണപ്പാട്ട്

"ആദിപെരിയോൻതന്റെ ഏകയരുളാലെ
അൻപുററ മണവാളനും പെൺകൊടിയുമായി
പാതിയൊരുചേല കൊണ്ടൊരുമ്പാടായുടുത്തു
നീതിയോടെ അവർ പോയി പന്തലിലിരുന്നു
ചിക്കനെ മുതിർന്നുവന്നമ്മാവി എണ്ണതേച്ചു
ശില്പമോടെ നീരുമാടി ചേലയും പകർന്നു

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ചുററുംനിന്ന പെൺകൊടിമാർ വാഴ്ക്കുരവയിട്ടു
അവർതൻെറയമ്മ പെങ്ങൾ നെല്ലും നീരുംവച്ചു
ഒത്തുനിന്ന പെൺകൊടിമാർ കയ്യു പിടിച്ചുകേററി."

## കുളിപ്പാട്ട്.

"കന്നകഴിച്ചു കുളിക്കടവും തൊറന്തിതേ
മണ്ണുകഴിച്ചു മണിക്കിണറും തൊറന്തിതെ
പൂവിട്ടകുന്തലും പൂവും നനഞ്ഞിതേ
പുഷ്പങ്ങൾ ചൂട്ടും തലയും നനഞ്ഞിതേ
ശംഖുകടഞ്ഞ കഴുത്തും നനഞ്ഞിതെ
ചന്ദനം തേയ്ക്കുന്ന മാർവും നനഞ്ഞിതെ
ഭൂമിയോടൊത്ത പുറവും നനഞ്ഞിതേ
ആലിലക്കൊത്ത വയറും നനഞ്ഞിതെ."
"പൊന്നും കിടാരത്തിൽ നീർകോരി അവൻ കുളിച്ചു
വെള്ളിക്കിടാരത്തിൽ നീർകോരി അവൾ കുളിച്ചു
പട്ടുമുണ്ടു പട്ടുറുമാൽ വേണമെന്നു മണവാളൻ
പട്ടുപുടവ പണിച്ചട്ട വേണമെന്നു മണവാട്ടി
ഓടത്തിൽചന്ദനം വേണമെന്നു മണവാളൻ
താലത്തിൽ കസ്തൂരി വേണമെന്നു മണവാട്ടി
പൊന്നുംമെതിയടിമേൽ മെല്ലെമെല്ലെ അവൻ നടന്നു
വെള്ളിമെതിയടിമേൽ മെല്ലെ മെല്ലെ അവൾ നടന്നു
അവനിരിക്കും മാളികമേൽ കുങ്കുമപ്പനിനീര്
അവളിരിക്കും മാളികമേൽ കളഭങ്ങൾ കസ്തൂരി."


കുളി കഴിഞ്ഞാൽ വധുവും വരനും പുതിയ വസ്ത്രങ്ങൾ ധരിക്കണം. വധുവിനുള്ള വസ്ത്രങ്ങൾ വരനും വരനുള്ള വസ്ത്രങ്ങൾ വധുവും ആണു കൊടുക്കേണ്ടതു്. ഇതുകൊണ്ടു് കല്യാണഗൃഹത്തിലെ ഘോഷങ്ങൾ എല്ലാം തീൎന്നു. പിറേറദിവസം വധൂവരന്മാർ ഭായ്യാഗൃഹത്തിലേയ്ക്കു തിരിക്കുകയായി. അതിന്നു മുമ്പായി ചില ചടങ്ങുകൾകൂടി നടക്കാനുണ്ടു്. "കച്ച തഴുകുക" എന്ന മുറ അന്നു രാവിലെയാണു്.* അതിൻെറ ശേഷം പന്തലിൻെറ മദ്ധ്യഭാഗത്തു ചുററും തിരികത്തിച്ചിട്ടുള്ള ഒരു നിലവിളക്കുവെച്ചു് അതിനുചുററും മണവാളനും തോഴരും പ്രദക്ഷിണം വെച്ചുകൊണ്ടു മാൎത്തോമ്മാൻ പാട്ടുപാടി കുരിശുവരയ്ക്കും. അതിൻെറശേഷം മണവാട്ടിയും തോഴിമാരുംകൂടി അതേക്രിയതന്നെ ആവൎത്തിക്കും. ഇതാണു "വിളക്കുതൊടീൽ" എന്ന കർമ്മം. ഇതിൻെറ ശേഷം "കൂടിവിരുന്നു" എന്നൊന്നുണ്ടു്. കല്യാണത്തിന്നിടയ്ക്കുണ്ടായിട്ടുള്ള മത്സരങ്ങളും രസക്കേടുകളും അവിടെവച്ചു പറഞ്ഞുതീൎത്തു കൊള്ളണം. അതു കഴിഞ്ഞു

* പലക്കായി വസ്ത്രങ്ങൾ സമ്മാനിക്കണം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



മാർഗ്ഗം കളി. Margam Kali Dance

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



തമ്മിൽതമ്മിൽ യാത്രപറഞ്ഞു വധൂവരന്മാർ വധുവിന്റെ ഗൃഹത്തിലേയ്ക്കു "നൽവാതൽ"പോകും. ഇങ്ങനെ വിവാഹോത്സവം അവസാനിക്കും.

CH|229

## വിളക്കുതൊടീൽപാട്ട്.

"കന്നിമറിയത്തിൻ നന്മയതിനാലേ
നന്മയിൽ കന്നിയും തോഴിമാരുംകൂടെ
കല്യാണഘോഷത്താൽ നീരാടി വന്നിട്ട്
മണവാട്ടിയും തോഴിയും പന്തലകംപൂക്ക്
വിതാനിച്ച പന്തലിൽ വിളക്കതു തൂക്കീട്ട്
അഞ്ചുംനാലൊമ്പതു തിരിയതും തെറുത്തിട്ട്
വിളക്കിനു മൂന്നുവലത്തുവെച്ചാദരാൽ
ഭക്തിയാൽ കൈകൂപ്പി കരിത്തും വരച്ചിതേ
കന്നിമറിയം"തുണയാക ഞങ്ങൾക്ക്
പന്ത്രണ്ടുശ്ലീഹന്മാർ നിലയാകെ വന്നിട്ട്
ആലാഹാനായനും അമ്പൻ മിശിഹായും
റൂഹായുംകൂടെത്തുണയ്ക്കുയിവക്കെന്നും".

## 7. മററുമേളങ്ങൾ: മാർഗ്ഗംകളി.

കല്യാണദിവസം രാത്രിയിൽ പലകളികളും മേളങ്ങളും ആട്ടങ്ങളും നടക്കാറുണ്ട്. അവയിൽ ഏററവും പ്രധാനമായതു മാർഗ്ഗംകളിയാണ്. പന്ത്രണ്ടാളുകൾ അരയും തലയും മുറുക്കി, ശിരസ്സിൽ മയിൽപീലി തിരുകി ഒരു വലിയ നിലവിളക്കിന്റെ ചുററും നിന്നുകൊണ്ടാണ് ഈ കളിനടത്താറുള്ളത്. ഈ പാട്ടിൽ ഭിന്നവൃത്തങ്ങളിലുള്ള പതിന്നാലു പാദങ്ങളും നാനൂറിലധികം വരികളും ഉണ്ട്. സാത്വികനായ മാർ തോമ്മാ ശ്ലീഹാ കേരളത്തിൽ വന്ന്, പാലയൂർ, കൊല്ലം മുതലായ സ്ഥലങ്ങളിൽ ബ്രാഹ്മണരേയും മററും മാർഗ്ഗത്തിൽ ചേർത്തതാണ് ഇതിലെ വർണ്ണ്യവിഷയം. നമ്പൂതിരി ബ്രാഹ്മണരുടെ 'യാത്രകളി'യോട് ഇതിനേതാണ്ടൊരു സാമ്യമുണ്ടെന്നു കേട്ടിട്ടുണ്ട്. അതിന്റെ വാസ്തവം അറിയാൻ സാധിച്ചിട്ടില്ല. സുറിയാനിക്കാർ കേരളത്തിൽ കുടിയേറിപ്പാർത്ത കാലത്ത് സിറിയാ, മെസപ്പൊത്തോമിയാ, മുതലായ രാജ്യങ്ങളിൽ ഇത്തരം ആട്ടങ്ങളും കളികളും നടപ്പുണ്ടായിരുന്നു. ഈ കളി കേരളത്തിൽ അവർ മുഖാന്തരം വന്നു ചേർന്നതായാൽതന്നെ കേരളീയാംശങ്ങൾ കാലാന്തരത്തിൽ ഉണ്ടായിട്ടുണ്ടെന്നുവരാം. നസ്രാണികളുടെ പഴയ പാട്ടുകളിൽവച്ച് എല്ലാംകൊണ്ടും കൂടുതൽ പ്രധാന്യം അർഹിക്കുന്നത് മാർഗ്ഗം കളിപാട്ടാണ്. ഈ കളി പോർട്ട്ഗീസുകാ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



രുടെ വരവിനു (1500-നു) മുൻപ്തന്നെ പ്രചാരത്തിലിരുന്നു എന്നാണ് പരക്കെയുള്ള വിശ്വാസം. അതല്ല, പിൽക്കാലത്തുണ്ടായിട്ടുള്ളതാണെന്നും ഇപ്പോൾ ചിലർ വാദിക്കുന്നുണ്ട്. എന്നാൽ പോർട്ടുഗീസുകാർ ആദ്യകാലങ്ങളിൽ (ക്രി. 1600-നു മുൻപ്) എഴുതിയ ചില ഗ്രന്ഥങ്ങളിൽ തോമ്മാശ്ലീഹായെക്കുറിച്ചുള്ള പാട്ടുകൾ കേരളത്തിൽ ഉണ്ടായിരുന്നെന്നും നസ്രാണികൾ അവ പാടി നടനം ചെയ്ക പതിവായിരുന്നെന്നും, 1598-ൽ കേരളമൊട്ടുക്ക് ചുററി സഞ്ചരിച്ച ഒരു പോർട്ടുഗീസ് മെത്രാപൊലീത്തായെ അങ്കമാലി മുതലായ പ്രദേശങ്ങളിലെ നസ്രാണികൾ അപ്രകാരമുള്ള പാട്ടും കളികളുംകൊണ്ടു ആനന്ദിപ്പിച്ചെന്നും മററും കാണുന്നുണ്ടു.* അങ്കമാലിക്കാർ നടത്തിയ കളി മാർഗ്ഗംകളിയായിരുന്നെന്നു കുഞ്ഞൻ പാതിരി എന്ന നാട്ടു ചരിത്രക്കാരനും എഴുതിയിരിക്കുന്നു. ഈ സ്ഥിതിയ്ക്കു ഈ പാട്ടിന്റെ പുരാതനത്വം ഏകദേശം സിദ്ധമാണെന്നാണ് തോന്നുന്നത്. പാട്ടിലെ ഭാഷ സാമാന്യം പഴയതും തമിഴ്മയവും ആണ്. ഉദാഹരണമായി ആദ്യത്തെ പാദംതന്നെ എടുക്കാം.

"മെയ്യൂണിന്ത പീലിയും മയിൽമേൽ തോന്നും മേനിയും
പിടിത്ത ദണ്ഡും കയ്യും മെയ്യും എന്നെന്നേയ്ക്കും വാഴ്കവേ,
വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ
വഴിക്കുറായ് നടക്കവേണ്ടി വന്തവരോനാമെല്ലാം
അഴിവുകാലം വന്തടുത്ത് അലയുന്ന നിന്മക്കളെ
അഴിവാഴ്വണ്ണം കാത്തരുൾവാൻ കഴിവുപേശുക മാർത്തോമ്മാൻ
മലമേൽനിന്നു വേദ്യനമ്പു ചാർത്തിമാറിയെന്നപോൽ
മെൽമേലേറിനിന്ന നില കാണവേണം പന്തലിൽ
പട്ടുടൻപണിപുടവ പവിഴമുത്തുമാലയും
അലങ്കരിച്ച പന്തലിൽ എഴുന്തരുൾക മാർത്തോമ്മാൻ."

മററു ചില ഭാഗങ്ങൾ ഇത്രതന്നെ പുരാതനമായിത്തോന്നുന്നില്ല. പക്ഷേ ഓരോകാലത്തും പാട്ടു പാടുമ്പോൾ ഗായകന്മാർ അന്നന്നു നടപ്പുള്ള ഉച്ചാരണം ആവർത്തിക്കകൊണ്ടു വാക്കുകൾക്കു രൂപാന്തരം സംഭവിച്ചതാണ് അതിനുള്ള കാരണമെന്നുവരാം. ഇങ്ങനെയാണല്ലോ പഴയഗാനങ്ങളിൽ പുതിയ ശബ്ദങ്ങൾ കടന്നുകൂടാറുള്ളതു. വേറെ ചില ഭാഗങ്ങൾകൂടി ഉദ്ധരിക്കുന്നതിൽനിന്ന് ഈ വാസ്തവം മനസ്സിലാക്കാവുന്നതാണ്.

---

* Maffei's *Historia Indiae* (1558) Vol. II, p. 215; Gouvea's Jornada (1606) p. 87.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പരിശമൊട്ട കളി. Sword and Shield Dance

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



തോമ്മാ ശ്ലീഹായോട്ട് കേരളത്തിലേക്കു പോകണമെന്നു ക്രിസ്തു പ്രത്യക്ഷീഭവിച്ച് അരുളിച്ചെയ്യപ്പോൾ ശ്ലീഹാ ഇപ്രകാരം മറുപടി പറയുന്നു.

"എന്നെ നീ കാത്തല്ലൊ ഏററങ്ങളേശാതെ
എന്നും പാഴായിട്ടാകുന്നു ദൈവമെ
ഹിന്തു എന്നുള്ള നാടേറിയ സർപ്പങ്ങൾ
എന്നിവ യെന്നിയേ യേററമാം ജന്തുക്കൾ
..................................
നാളില്ല കോളില്ല നന്നായി ചൊല്ലില്ല
നാടെല്ലാം കാടല്ലൊ നായനേ, എന്നെനീ
"നന്നായികൈവിട്ടോ നാടിട്ടേച്ചാഴത്തിൽ"
......................................
"ചത്ത ശവത്തിനെ ചന്തമായ് വേൾക്കുന്നു
ചത്താലോ മത്സ്യംപോൽ ചുട്ടല്ലൊമൂട്ടുന്നു
മക്കളെന്നമ്പില്ല മാൽചെയ്യും തങ്ങളിൽ
മക്കൾക്കുമച്ചണ്ണം മനതാരിലില്ലല്ലൊ
മററെല്ലാ നാട്ടിലും മാറാനേ! യീരണ്ടു
മാററവന്മാരല്ലോ മാറാതേ പോകുന്നു."(ഏഴാംപാദം)

ഉടനെ ക്രിസ്തു പറയുന്നു:—

"എന്നിവയെല്ലാം കണ്ണുനീരോടെ തോമ്മായുണർത്തിച്ചനേരം
എങ്ങുംവിളങ്ങുന്ന നായൻ മിശഹാ പേത്തരുൾ ചെയ്യാൻ തുടങ്ങി.
നീയൊരുവൻ താനെന്നൊരു ചിന്തയുള്ളിൽ നിനക്കുഴൽവേണ്ടാ
നിന്നോടുക്രൂടി ഞാനുമുണ്ടു കൂറു നീ പോകും നാടതിലെല്ലാം
മാനുഷരല്ലാ ഹിന്തുവിലെന്നു പാഴിൽ നിനക്കുഴൽവേണ്ടാ
മാനുഷരെല്ലാ ജാതികളും പിന്നെ മാൽചെയ്യും ജന്തുക്കളല്ലൊ
നിന്നുടെവാക്കും നിനവുകൾനോക്കും ഭാഷയറിഞ്ഞുതകിട്ടും
നിൻനിനവെല്ലാമെൻ നിനവല്ലൊ നീയുറയ്ക്കാകലംവേണ്ടാ."
(8—20 പാദം)

## പരിചമുട്ടുകളി.

വാളും പരിചയും പിടിച്ചുകൊണ്ടു് ഏതാനും യുവാക്കന്മാർ വട്ടമിട്ടുനിന്നു വെട്ടും തടയുംനടത്തുന്നതാണു് ഈ കളിയുടെ മുറ. കല്യാണാവസരങ്ങളിൽ മാത്രമല്ല, പള്ളിയിൽ ഉത്സവങ്ങൾക്കും ഇതു കളിക്കാറുണ്ടു്. കളിയ്ക്കുമ്പോൾ രസകരങ്ങളായ പാട്ടുകളും പാടാറുണ്ടു്. ഈ പാട്ടുകളിൽ പലതും വളരെ പഴക്കമുള്ളവയാണു്. താഴെ ഉദ്ധരിക്കുന്ന പാട്ടിലെ കഥാവസ്തു തോമ്മാശ്ലീഹാ മയിലാരൂഢനായി ആതമ്പമല (St. Thomas Mount) യിൽ സഞ്ചരിച്ചെന്നും



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഒരു വേടൻ മയിലിൻെറ നേക്കയച്ച അമ്പ് ആ സിദ്ധൻെറ ദേഹത്തു പതിച്ചെന്നും ഉള്ള ഒരു പഴയ ഐതിഹ്യമാണ്.

മാർതോമ്മാനും മലങ്കരെ മൈലുമേലെഴുന്നള്ളി
മനതൊടെ യാത്രമ്പ മലയിൽചെന്നു
നന്നു വേടാ തിമ്മചെയ്യു നല്ലവാഴ്ഴ വററ വേടാ
മലമൈലാപ്പൂക്ക പോകുവാൻ വഴിവേടാ
എന്തുവഴി വന്നു മൈല എന്നു വേടൻ വില്ലെടുത്തു
തന്തിരുമേനിമേലമ്പൊന്നു ചാർത്തി
ചാവെന്നു നീ ദൈവമെന്നും ഇത പറഞ്ഞൊത്തുകൂടി
തമ്പുരാൻ തൻറട്ടക്കീഴിൽ വീണുകമ്പിട്ടു
ചോഴൻ തൻെറ കോട്ടതന്നിൽ ചോഴൻ തൻെറ വാളുമൂരി
ശോഭയോടെ യെഴുന്നള്ളിക്കളിക്കുന്നേരം
അവിടേന്നും കത്തിയ കൈ വലിക്കുംമുമ്പേ മെയ്യേ
ആലാഹാനായനാണ് മരിക്കില ഞാൻ

## പള്ളിപ്പാട്ടുകൾ.

കല്യാണാവസരങ്ങളിൽ പഴയ പള്ളികളുടെ സ്ഥല പുരാണങ്ങൾ കുറിക്കുന്ന പാട്ടുകളും പാടാറുണ്ടായിരുന്നു. ആ പാട്ടുകളിൽ പലതും പുരാതനങ്ങളാണെന്നു മാത്രമല്ലാ ചരിത്രദൃഷ്ട്യാ വിലയേറിയവകൂടിയാണ്. അവയിൽ പള്ളികൾ പണിയുന്നതിന് ധനസഹായം ചെയ്ത രാജകുടുംബങ്ങളെപ്പററിയും പള്ളി പണിചെയ്യിപ്പിച്ച കുടുംബക്കാരെപ്പററിയും പ്രസ്താവിക്കുന്നുണ്ട്. കേരളത്തിലെ ഏററവും പുരാതനമായ ഏഴു പള്ളികൾ, കൊടുങ്ങല്ലൂർ, പാലയൂർ, കൊല്ലം, നിരണം, കോക്കമംഗലം, ചായൽ എന്നിവയാണ്. ഈ ദേവാലയങ്ങൾ സ്ഥാപിച്ചത് തോമ്മാ ശ്ലീഹാ തന്നെയായിരുന്നെന്നാണ് പരമ്പരയുള്ള വിശ്വാസം. എന്നാൽ ഇവയെ സംബന്ധിച്ചുള്ള പാട്ടുകൾ ഒന്നും ഇപ്പോൾ പ്രചാരത്തിലില്ല. വെൺപലനാട് എന്ന പുരാതന ദേശവിഭാഗത്തിലുൾപ്പെട്ട കോട്ടയം, കടുത്തുരുത്തി എന്നീ പള്ളികളെക്കുറിച്ചുള്ള പാട്ടുകളുടേയും ആരംഭഘട്ടങ്ങൾമാത്രം താഴെ ഉദ്ധരിക്കാം.

### കോട്ടയം വലിയ പള്ളിയെപ്പററിയുള്ള പാട്ട്:—

"ഭിക്ഷുതിനേരത്തു കർമ്മം ചെയ്യാൻ
വേണം സ്ഥലം നമുക്കെന്നു ലോകർ
വേഗത്തിലെല്ലാരുമാശക്കുറി
ചേരക്കോൻനാട്ടിൽ പദവിയേറും
ചെൽവ മൊഴിയാതെ വെമ്പനാട്ടിൽ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ദിക്കതിറസ്സുള്ളതെക്കുംകൂററിൽ
തിമ്മനേർ മന്നന്റെ കോട്ടയത്ത്
കത്താവിനന്നങ്ങു വെച്ചപള്ളി."

കടുത്തുരുത്തിപ്പള്ളിപ്പാട്ടിന്റെ ഒരംശവും താഴെ ചേർക്കുന്നു.

"ആലപ്പനായനെഴുത്തു തൂവാൽ
അമ്പിനാൽ തമ്പുരാൻ മുമ്പാകെയെന്ന്
നാലെട്ടു ദിക്കിലിണങ്ങൾക്കൂടി
നന്മയാലൊത്തു പറഞ്ഞവാറെ
കാലത്തു പള്ളി കടുത്തുരുത്തിൽ
:കാതലായ് വെപ്പതിന്നാശക്കൂറി
നാടെട്ടുമുമ്പു വടക്കുംക്കൂററിൽ
നായകൻ മന്നനെച്ചെന്നുകണ്ടു
ആടകൾ പൊൻപണം കാഴ്ചവെച്ച്
അരുളോടെ ഭൂമികൊടുത്തവാറെ,"

ഇങ്ങനെ യെല്ലാമാണ് നസ്രാണികളുടെ വിവാഹോത്സവത്തിന്റെ ചടങ്ങുകൾ. അവയിൽ പലതും ആധുനികന്മാർക്ക് രുചിക്കാതെ വന്നേയ്ക്കാം. ഒട്ടു വളരെ ഭാഗങ്ങൾ അടുത്തകാലത്തു ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടു. ജീവിതമത്സരം വർദ്ധിച്ചു വരുന്ന ഇക്കാലത്ത് നാലും അഞ്ചും ദിവസം കല്യാണം ആഘോഷിക്കുന്നതു മൌഢ്യമായും ചിലർ കരുതിയേക്കാം. പഴയ ആചാരങ്ങളെല്ലാം നടത്തികൊണ്ടുപോകാൻ ഇനി വിഷമമാണെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ആധുനിക പരിഷ്കാരത്തിൽ നമ്മെ അധീകരിക്കുന്ന ചില യൂറോപ്യൻ ജനങ്ങൾ തങ്ങളുടെ പുരാതനമായ സാമൂഹ്യാചാരങ്ങളെ പുലർത്തിക്കൊണ്ടു പോകുന്നതിൽ ഉത്സുകന്മാരായിത്തന്നെയിരിക്കുന്നു. അതെങ്ങനെയുമിരിക്കട്ടെ; നസ്രാണികളുടെ വിവാഹാചാരങ്ങളിൽ സാമൂഹ്യശാസ്ത്രദൃഷ്ട്യാ പ്രധാനമായ പല തത്വങ്ങൾ അന്തർലീനമായുണ്ടെന്നും തത്സംബന്ധമായ പാട്ടുകൾ പഴയപദ്യസാഹിത്യത്തിന്റെ മാതൃകകളാണെന്നും പൂർവ്വചരിത്രസംഘടനത്തിനുള്ള സാമഗ്രികളിൽ അവ അദ്വീതിയസ്ഥാനം അർഹിക്കുന്നുണ്ടെന്നും മേൽ വിവരിച്ചവ കൊണ്ട് വെളിവാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com
MARGGAM – Digital Library of Christianity in India

www.marggam.com

# Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

**An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.**

## Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org